
# ബൈബിൾ സ്റ്റാൻഡാർഡ്

BIBLE STANDARD (Malayalam)

BI-MONTHLY

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക

"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 927**

**ഉൾപേജുകളിൽ.... പേജ്**


യിസ്രായേലിന്റെ ചരിത്രപരമായ അവകാശങ്ങൾ ........................................ 2

ഉപദേശിക്കുവാൻ മൂപ്പന്മാർക്കു വേണ്ട യോഗ്യതകൾ ........................................14

ബൈബിൾ ചോദ്യങ്ങൾ - തടഞ്ഞു വയ്ക്കൽ ആവശ്യമാണോ? ....................................17

ദൈവത്തിന്റെ മഹാ ശാബത്ത് നാൾ ............18

അനേകരും അങ്ങോട്ടും ഇങ്ങോട്ടും ഓടും .... 23

അറിയിപ്പുകൾ..............................................24



VOL - XIV, ISSUE 6 നവംബർ – ഡിസംബർ 2021

# യിസ്രായേലിന്റെ ചരിത്രപരമായ അവകാശങ്ങൾ
## ISRAEL, ITS HISTORIC RIGHTS



**പാ**ലസ്തീൻ എന്ന സർവ്വ സാധാരണമായ പേര് ബൈബിളിൽ നിന്നുള്ളത് ആണോ? കിംങ് ജെയിംസ്, ജെയിംസ് മുർദോക്ക്, റോതർഹാം, സ്ട്രോങ്, വെബ്സ്റ്റർ എന്നീ ബൈബിൾ ഭാഷാന്തരങ്ങളിൽ നമുക്ക് യോവേ. 3:4 നെ പരിശോധിക്കാം: "സോരും സീദോനും സകല ഫെലിസ്ത്യ (പാലസ്തീൻ) പ്രദേശങ്ങളുമായുള്ളോവേ, നിങ്ങൾക്കു എന്നോടു എന്തു കാര്യം? നിങ്ങളോടു ചെയ്തതിനു നിങ്ങൾ എനിക്കു പകരം ചെയ്യുമോ?" സോരും സീദോനും, സകല പാലസ്തീൻ പ്രദേശങ്ങളും മദ്ധ്യധരണി കടലിന്റെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. സ്ട്രോങ് തന്റെ വിശദീകരണത്തിൽ ഇത് സിറിയയുടെ ഒരു പ്രദേശമെന്നു പറയുന്നു. അതും ശരിയാണ്! ഈജിപ്തിനുണ്ടായിരുന്നതുപോലെ സിറിയയ്ക്കും ഉയർന്നതും താഴ്ന്നതുമായ പ്രദേശങ്ങൾ ഉണ്ടായിരുന്നു. AD 69 നു ശേഷം യിസ്രായേലിന്റെ ശേഷിപ്പുകൾ ഒരുമിച്ചു ചേർന്നപ്പോൾ വിശുദ്ധ ദേശം ജനസംഖ്യ ആർജിച്ചു. AD 640 ൽ ബൈസന്റൈന്റെ കീഴിലുള്ള സിറിയയെ അറബികൾ പിടിച്ചടക്കിയപ്പോൾ, റോമ സാമ്രാജ്യത്താൽ പാലസ്തീൻ എന്നു പേർ ചാർത്തപ്പെട്ട ഈ ദേശത്തിലെ അഭയസ്ഥാനങ്ങളിൽ യഹൂദരും, ശമര്യരും, വിമത ക്രൈസ്തവരും അടങ്ങിയിരുന്നു. അവരിൽ ആരും അറബികൾ ആയിരുന്നില്ല.

യാസർ അറാഫാത്ത് തന്റെ അറബി പാലസ്തീന്യരോടു കൂടെ യിസ്രായേൽ ദേശത്ത് ചരിത്രപരമായ വേരുകളും അധികാരങ്ങളും അവകാശപ്പെട്ടു. എങ്കിലും ഈ ചരിത്രത്തിനു തികച്ചും ശ്രേഷ്ഠമായ മറ്റൊരു വശം കൂടി ഉണ്ട്. ചരിത്രം സംഭവിക്കുന്നതിനു മുൻപ് ആ ചരിത്രം എഴുതിയ ഗ്രന്ഥകാരന്റെ കാഴ്ചപ്പാടിന്റെ വശം. അബ്രഹാമിനും സന്തതിക്കും, ആദ്യം യിസ്ഹാക്കിനും (യിസ്മയേലിനല്ല) യിസ്രായേൽ എന്നു പേർ മാറ്റിയ യാക്കോബിനും നൽകിയ വാഗ്ദത്തത്തിന്റെ അടിസ്ഥാനത്തിൽ ദൈവവചനമായ ബൈബിൾ യിസ്രായേൽ ദേശത്തെയും അതിന്റെ അതിരുകളെയും നിർവ്വചിക്കുന്നു. "നീ ദൈവത്തോടും മനുഷ്യരോടും മല്ലു പിടിച്ചു ജയിച്ചതു കൊണ്ട്, നിന്റെ പേർ ഇനി യാക്കോബ് എന്നല്ല, യിസ്രായേൽ എന്നു വിളിക്കപ്പെടും എന്നു അവൻ പറഞ്ഞു" (ഉല്പ. 32:28).

ഹോളോക്കോസ്റ്റിന്റെ ചരിത്രത്തിന്റെ പുനരാലോചനയ്ക്കും വളരെ മുൻപു തന്നെ ദൈവത്തിനു യിസ്രായേലിനോടുള്ള വാഗ്ദത്തങ്ങളെ ക്രൈസ്തവർ പുനരാലോചിച്ചു. യിസ്രായേൽ യേശുവിനെ തള്ളിക്കളഞ്ഞതിനാൽ ദൈവം യിസ്രായേൽ ജനത്തെ എന്നെന്നേക്കുമായി തള്ളിക്കളഞ്ഞിരിക്കുന്നു എന്ന തെറ്റായ നിർണ്ണയത്തിലേക്കു എത്തിച്ചേരുവാൻ 1900 ൽ പരം വർഷങ്ങളോളം നീണ്ടു നിന്ന യഹൂദ വിരുദ്ധത [യഹൂദ ജനതയ്ക്ക് എതിരെയുള്ള ശത്രുത അഥവാ അസൂയ] പീഡിതരായ മുൻകാല സഭയുടെ ദൈവശാസ്ത്രജ്ഞരെ ഇടയാക്കി. അങ്ങനെ തങ്ങളാണ് ആത്മീയ യിസ്രായേൽ എന്ന വാദം അവർ കൊണ്ടുവന്നു. ബദലായ ഈ വിശ്വാസപ്രമാണം ഇന്നും നിരവധി ക്രിസ്തീയ സഭകളിൽ പ്രചാരത്തിലുണ്ട്. 1879 ൽ ജർമൻ പത്രലേഖകനായ വിൽഹം മാരിൻ ആണ് യഹൂദന്മാർക്ക് എതിരെയുള്ള ശത്രുതയെ കാണിക്കുന്ന "യഹൂദ വിരുദ്ധത" എന്ന പദത്തിനു രൂപം കൊടുത്തതിനുള്ള അവകാശം ഉള്ളത്. നാസി ജർമനി യൂറോപ്യൻ യഹൂദന്മാരെ ഭരണകൂടത്തിന്റെ ശുപാർശയിൽ പീഡിപ്പിച്ചതും കൊലപ്പെടുത്തിയതുമായ കൂട്ടക്കൊലയും, 1933 നും 1945 നും ഇടയിലുണ്ടായ അതിന്റെ സഹപ്രവർത്തകരും യഹൂദവിരുദ്ധതയുടെ ചരിത്രത്തിൽ കാണാവുന്ന ഏറ്റവും ഉത്തമ ഉദാഹരണങ്ങളാണ്.

യേശുവിന്റെ കാലം മുതലുള്ള ബഹുഭൂരിപക്ഷം വരുന്ന യഹൂദജനതയുടെ മഹത്തായ ശാശ്വത അവകാശം ഇല്ലാതാക്കുവാനുള്ള ഈ ശ്രമം ചരി

ത്രത്തിലെ ഏറ്റവും വലിയ കൊള്ളയടിക്കൽ ശ്രമമാണ്. യഹൂദ വിരുദ്ധത യഹോവയുടെ വാഗ്ദത്തങ്ങളെ അവഹേളിക്കുന്നു! AD 70 മുതൽ 313 വരെയുള്ള സഭയുടെ സ്വർണ്ണ കാലഘട്ടത്തിൽ പ്ലേറ്റോയുടെ കീഴിൽ പഠിക്കുകയും പിന്നീടു ക്രിസ്ത്യാനിയായിത്തീരുകയും ചെയ്ത ജസ്റ്റിൻ മാർട്ടിൻ ആത്മാവിന്റെ അമർത്യത, നിത്യദണ്ഡനം എന്നീ തെറ്റുകൾ അവതരിപ്പിക്കുകയും ചെയ്തു [E. 8, p. 426]. യഹൂദന്മാരുടെ ഭാവിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉപദേശം – ദൈവം നൽകിയ ഒരു ഉടമ്പടിയിലും അവർക്കു ഭാവിയില്ല. ക്രിസ്തീയ സഭയോടു അദ്ദേഹം പറഞ്ഞു – "നിങ്ങളുടെ ദേശത്തിനു [യഹൂദന്മാർക്കു] മുൻ നിയമിച്ചിരുന്ന കൃപകൾ ഞങ്ങളിലേക്കു കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു". എന്തൊരു തെറ്റായ ഉപദേശം.

യഹോവയുടെ വചനത്തിൽ ഇങ്ങനെയൊരു സന്ദേശം കാണുന്നു: "യഹൂദ ഗൃഹവും [2 ഗോത്രങ്ങൾ] യിസ്രായേൽ ഗൃഹവുമായുള്ളോരേ [10 ഗോത്രങ്ങൾ] നിങ്ങൾ ജാതികളുടെ ഇടയിൽ ശാപമായിരുന്നതുപോലെ ഞാൻ നിങ്ങളെ രക്ഷിച്ചിട്ട് നിങ്ങൾ അനുഗ്രഹമായിത്തീരും; നിങ്ങൾ ഭയപ്പെടാതെ ധൈര്യമായിരിപ്പിൻ". യെശ. 2:3; "സീയോനിൽ നിന്ന് ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും". ഇത് യെശ. 11:11 ൽ ദൈവം പറഞ്ഞ രണ്ടാമത്തെ ശേഖരിക്കലിനെ സൂചിപ്പിക്കുന്നു, "അന്നാളിൽ കർത്താവു തന്റെ ജനത്തിൽ ശേഷിച്ചിരിക്കുന്ന ശേഷിപ്പിനെ അശൂരിൽ നിന്നും, മിസ്രയീമിൽ നിന്നും, പാത്രോസിൽ നിന്നും, ക്രൂശിൽ നിന്നും, ഏലോമിൽ നിന്നും, ശിനാരിൽ നിന്നും, ഹാമാത്തിൽ നിന്നും, സമുദ്രത്തിലെ ദ്വീപുകളിൽ നിന്നും വീണ്ടുകൊള്ളുവാൻ രണ്ടാം പ്രാവശ്യം കൈനീട്ടും" [ദൈവത്തോടുള്ള ശത്രുത നിരന്തരം നടന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ നിന്നും, ദൈവം തന്റെ ജനത്തെ തിന്മയുടെ അവസ്ഥയിൽ നിന്നും വിടുവിക്കും] (യിരെ. 16:14-17 വരെ കാണുക).

സഹസ്രാബ്ദത്തിൽ യഹോവ "രണ്ടാം തവണ" നടപ്പിലാക്കുന്ന വീണ്ടെടുപ്പിനോടു താരതമ്യപ്പെടുത്തുമ്പോൾ മിസ്രയീമിൽ നിന്നുമുള്ള വീണ്ടെടുപ്പ് നിസാരമായി തോന്നുന്നു! യെശ. 11:12: "അവൻ ജാതികൾക്ക് ഒരു കൊടി ഉയർത്തി, യിസ്രായേലിന്റെ ഭ്രഷ്ടന്മാരെ ചേർക്കുകയും യഹൂദായുടെ ചിതറിപ്പോയവരെ ഭൂമിയുടെ നാലു ദിക്കുകളിൽ നിന്നും ഒന്നിച്ചു കൂട്ടുകയും ചെയ്യും". യിരെമ്യാ പ്രവാചകനിലൂടെ ദൈവം നൽകിത്തന്ന വചനങ്ങളിൽ ഇതിനു സ്പഷ്ടമായ തെളിവു ലഭിക്കുന്നു. യിരെ. 31:4: "യിസ്രായേൽ കന്യകേ, ഞാൻ നിനക്കു വീണ്ടും അഭിവൃദ്ധി വരുത്തുകയും നീ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും; നീ ഇനിയും ചേലോടെ തപ്പ് എടുത്തു കൊണ്ടു സന്തോഷിച്ചു, നൃത്തം ചെയ്യുന്നവരുടെ നിരയിൽ പുറപ്പെടും. വാക്യം 5, "നീ ഇനിയും ശമര്യ പർവ്വതങ്ങളിൽ [വെസ്റ്റ് ബാങ്ക് എന്നു വിളിക്കുന്ന] മുന്തിരിതോട്ടം ഉണ്ടാക്കും, കൃഷിക്കാര് കൃഷി ചെയ്ത ഫലം അനുഭവിക്കും". വാക്യം 6, "എഴുന്നേൽപ്പിൻ; നാം സീയോനിലേക്കു, നമ്മുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു കയറിപ്പോക എന്നു കാവൽക്കാർ [യഹോവയിലേക്കും തന്റെ വചനത്തിലേക്കും മടങ്ങിവരുവാൻ വിളിക്കപ്പെടുന്ന മതേതര യിസ്രായേൽ എന്നു വിളിക്കപ്പെടുന്ന ശമര്യ എഫ്രയീം പർവ്വതങ്ങളിലുള്ള ബൈബിൾ സിയോനിസ്റ്റുകൾ] എഫ്രയീം മലനാട്ടിൽ [വെസ്റ്റ് ബാങ്ക് എന്നു വിളിക്കപ്പെടുന്ന] വിളിച്ചു പറയുന്ന നാൾ വരും". വാക്യം 7, "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു [ഇവിടെ യാക്കോബിനാൽ പ്രതിനിധാനം ചെയ്യാത്ത ക്രിസ്ത്യാനികളോടു] യാക്കോബിനെ [സ്വാഭാവിക യിസ്രായേൽ] ചൊല്ലി ഘോഷിച്ചുല്ലസിപ്പിൻ! ജാതികളുടെ തലവനെക്കുറിച്ചു [യു.എസ്.എ] സന്തോഷിച്ചു ആർപ്പിടുവിൻ. യഹോവേ യിസ്രായേലിന്റെ ശേഷിപ്പായിരിക്കുന്ന നിന്റെ ജനത്തെ രക്ഷിക്കേണമേ" എന്നു പറവിൻ. [നാം ദൈവത്തിന്റെ യിസ്രായേലിനു വേണ്ടി പ്രാർത്ഥിക്കേണം; ദൈവം എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്നു ലോകത്തെ അറിയിക്കണം! ഇതാണ് പാസ്റ്റർ റസ്സലിന്റെ ഉപദേശങ്ങളിൽ അടിസ്ഥാനപ്പെട്ടു കൊണ്ടു ഇന്നാളിൽ L.H.M.M. ചെയ്യുന്ന പ്രവർത്തനം. ഞങ്ങൾ മറ്റുള്ളവരിൽ നിന്നും ദൈവവചനം മറച്ചുവെച്ചാൽ ദൈവവചനം ഞങ്ങളിൽ നിന്നും നഷ്ടമാകും]. വാക്യം 8, ഞാൻ അവരെ വടക്കു ദേശത്തു നിന്നും [2/3 യഹൂദന്മാർ പലായനം ചെയ്ത റഷ്യയിൽ നിന്നും] വരുത്തുകയും ഭൂമിയുടെ അറ്റങ്ങളിൽ നിന്നും അവരെയും അവരോടു കൂടെ കുരുടനേയും മുടന്തനേയും ഗർഭിണിയേയും നോവു കിട്ടിയവളെയും എല്ലാം ശേഖരിക്കയും ചെയ്യും; അങ്ങനെ വലിയൊരു സംഘം ഇവിടേക്കു മടങ്ങി വരും". വാക്യം 9, "അവർ കരഞ്ഞു കൊണ്ടു വരും; യാചിക്കുന്നവരായി ഞാൻ അവരെ കൊണ്ടുവരും; അവർ ഇടറിപ്പോകാത്ത നിരപ്പുവഴിയിൽ ഞാൻ

അവരെ നീർത്തോടുകളിലൂടെ നടത്തും. ഞാൻ യിസ്രായേലിനു പിതാവും എഫ്രയീം എന്റെ ആദ്യജാതനും അല്ലോ". ദൈവം വളരുമാറാക്കുന്ന വിത്തിനെ നടുന്നത് നമ്മുടെ അവകാശം ആകുന്നു (1 കൊരി. 3:6,7).

ഈ പഠനത്തിൽ നമുക്കുള്ള താത്പര്യാർത്ഥം കുറച്ച് രേഖകളെയും ചില സംഭവങ്ങളെയും ചുരുക്കത്തിൽ പരിഗണിക്കാം. (a) വെഴ്സൈൽസ് കരാർ ഇരുമുഖമുള്ളതായിരുന്നു: 1783 ൽ അത് അമേരിക്കൻ വിപ്ലവത്തിനു വിരാമമിടുകയും അതിന്റെ ഒപ്പുവയ്ക്കൽ 1919 ൽ ലോകമഹായുദ്ധത്തിന്റെ ആദ്യത്തെ ഘട്ടത്തിനു ഔപചാരികമായ അന്ത്യം കുറിക്കുകയും ചെയ്തു. കേന്ദ്രശക്തികളുടെ പ്രദേശങ്ങളെ ആ കരാർ പുനർവിഭജിക്കുകയും ജർമനിയുടെ ആയുധസേനയെ നിയന്ത്രിക്കുകയും ലീഗ് ഓഫ് നേഷൻസിനെ സ്ഥാപിക്കുകയും ചെയ്തു. (b) ഗ്രേറ്റ് ബ്രിട്ടന് ലോക മഹായുദ്ധത്തിന്റെ ഒന്നാം ഘട്ടത്തിൽ വെടിമരുന്നിന്റെ ഉല്പാദനത്തിനുള്ള സ്ഫോടക വസ്തുവായ കോർഡൈറ്റ് തീർന്നു പോയി. പ്രധാനമന്ത്രി ആ സമയം സമർത്ഥനായ ഒരു യഹൂദ രസതന്ത്രജ്ഞനായ ഡോ. കെയിം വൈസ്മാന്റെ സഹായം അഭ്യർത്ഥിക്കുകയും ഡോ. കെയിം ഒരു തരം അലങ്കാരമരത്തിൽ നിന്നും ക്രിത്രിമമായ കോർഡൈറ്റ് വികസിപ്പിച്ചെടുക്കുകയും ചെയ്തു (c) ബ്രിട്ടീഷ് രാഷ്ട്രീയ പ്രവർത്തകനും പ്രധാന മന്ത്രിയുമായിരുന്ന ആർതർ ബാൽഫർ, വിദേശകാര്യ സെക്രട്ടറി എന്ന നിലയിൽ 1917 ൽ പാലസ്തീനിൽ യഹൂദന്മാർക്കു മാതൃദേശം ഒരുക്കിക്കൊടുക്കുവാൻ സഹായിച്ച ബാൽഫർ പ്രഖ്യാപനം നടത്തി. (d) 400 വർഷങ്ങളോളം തുർക്കികളാൽ പ്രബലമായിരുന്ന യെരുശലേമിന്റെ അവകാശം 1917 ഡിസംബറിൽ ജനറൽ അലൻബി ഏറ്റെടുത്തു. (e) 1920 മെയ് മാസത്തിൽ ലീഗ് ഓഫ് നേഷൻസ് രാജ്യത്തിന്മേലുള്ള ബ്രിട്ടന്റെ കൽപനയെ അംഗീകരിക്കുകയും, ലോകമെമ്പാടുമുള്ള യഹൂദർക്കു തങ്ങളുടെ മാതൃദേശത്തേക്കു മടങ്ങി വന്ന് പാർക്കുവാനുള്ള അവകാശവും നൽകി (f) AD 640 മുതൽ 1960 വരെ അറബികൾ ഈ ദേശത്തെ തെക്കൻ സിറിയ എന്നു പേർ വിളിച്ചു (g) 1922 ൽ ലീഗ് ഓഫ് നേഷൻസ് യഹൂദർക്കു വേണ്ടിയുള്ള കൽപന പൂർത്തിയാക്കിയപ്പോൾ, ആ ദേശത്തിന്റെ പേര് പാലസ്തീൻ എന്നു ഔദ്യോഗികമായി മാറുകയും 1948 ൽ യിസ്രായേൽ രാഷ്ട്രം പുനർജ്ജനിക്കുന്നതു വരെ അങ്ങനെതന്നെ ശേഷിക്കുകയും ചെയ്തു.

**ബാൽഫർ പ്രഖ്യാപനം**
**67 വാക്കുകൾ: 100 ൽ അധികം വർഷങ്ങളുടെ സംഘർഷം**

വിദേശകാര്യ മന്ത്രാലയം
നവംബർ 2, 1917
പ്രിയ റോത്ത് ചൈൽഡ് പ്രഭുവിന്,

കാബിനറ്റിനു സമർപ്പിക്കുകയും അംഗീകരിക്കുകയും ചെയ്ത യഹൂദ സീയോനിസ്റ്റ് അഭിലാഷങ്ങളോടുള്ള അനുകമ്പയോടെ ഉള്ള ഈ പ്രഖ്യാപനം അങ്ങയുടെ മഹത്തായ സർക്കാരിനു വേണ്ടി അങ്ങയെ അറിയിക്കുന്നതിൽ ഞാൻ വളരെ സന്തോഷവാനാണ്.

"പാലസ്തീനിൽ യഹൂദ ജനതയ്ക്കായി ഒരു ദേശീയ ഭവനം ഒരുക്കുന്നതിനെ അങ്ങയുടെ സർക്കാർ അനുകൂലമായി വീക്ഷിക്കുകയും ആ നേട്ടം സുഗമമാക്കുന്നതിനു അവരുടെ പരമാവധി പരിശ്രമം ഉപയോഗിക്കുകയും ചെയ്യും. എന്തെന്നാൽ പാലസ്തീനിലെ യഹൂദേതര പൗരന്മാരുടെ ആഭ്യന്തരവും മതപരവുമായ അവകാശങ്ങൾക്കോ, മറ്റേതെങ്കിലും രാജ്യത്ത് യഹൂദന്മാർ അനുഭവിക്കുന്ന അവകാശങ്ങൾക്കോ രാഷ്ട്രീയ പദവികൾക്കോ യാതൊരു കോട്ടവും തട്ടുകയില്ല എന്നും വ്യക്തമാക്കുന്നു."

അങ്ങ് ഈ പ്രഖ്യാപനം സീയോനിസ്റ്റ് ഫെഡറേഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ ഞാൻ വളരെ കൃതാർത്ഥൻ ആയിത്തീരും.

വിശ്വസ്തതയോടെ
ആർതർ ജെയിംസ് ബാൽഫർ

ഇതിനു ശേഷം യൂറോപ്യൻ പീഡനത്തിന്റെ മറ്റൊരു തിരമാല ഉയർന്നു. 1989 ൽ യഹൂദന്മാരെ സ്വന്തം മാതൃദേശത്തേക്കു പോകുന്നതിനു വിലക്കിക്കൊണ്ട് ബ്രിട്ടൻ വൈറ്റ് പേപ്പർ പുറപ്പെടുവിച്ചു. USS Exodus എന്ന കപ്പലിൽ വിദേശത്തേക്കു പോകുവാൻ തയ്യാറായ 2000 യഹൂദന്മാരെ ജർമനിയിലേക്കു തിരികെ പോകുവാൻ ബ്രിട്ടൻ നിർബന്ധിച്ചു. യിസ്രായേലിനു അവളുടെ തെറ്റ് തിരുത്തുവാനായി നൽകിയ 1985 വർഷത്തെ ശിക്ഷാകാലത്തിന്റെ അന്ത്യമായ 1878 ലേക്ക് ഇപ്പോൾ നമുക്കു മടങ്ങിപോകാം: മറ്റു രാജ്യങ്ങളിലെ യിസ്രായേല്യരുടെ വാസത്തിന്റെ കാലം. ഇംഗ്ലണ്ടിന്റെ പ്രധാന മന്ത്രിയായിരുന്ന, യഹൂദനായ ബെഞ്ചമിൻ ഡിസ്രേലി ബർലിൻ

കോൺഗ്രസ് ഓഫ് നേഷൻസിലെ കേന്ദ്ര വ്യക്തിയായി. തുർക്കിയുടെ ഏഷ്യൻ പ്രവശ്യകൾക്കു മേൽ ബ്രിട്ടൺ ഒരു പൊതു സംരക്ഷണം നടപ്പിലാക്കുകയും 1917 ഓടെ പാലസ്തീൻ മേലുള്ള തുർക്കികളുടെ ഭരണത്തിനു അന്ത്യമിടുകയും ചെയ്തു. PLO യുടെ ചെയർമാൻ ആയിരുന്ന യാസർ അറാഫാത്ത് 1974 ലെ യുണൈറ്റഡ് നേഷൻസിലെ തന്റെ പ്രസംഗത്തിൽ തനിക്കു മുൻപു പാലസ്തീനിൻ മേൽ ഉണ്ടായിരുന്ന അവകാശത്തെക്കുറിച്ചു വാദിച്ചു. 1985 ലെ ബൈബിൾ സ്റ്റാൻഡാർഡിൽ ഈ വിഷയത്തെ ഇനി പറയുന്ന തലക്കെട്ടോടെ പ്രസിദ്ധീകരിച്ചു: "അറാഫാത്ത് 'സായുധ' പോരാട്ടത്തിനായി പ്രതിജ്ഞയെടുത്തു, സമാധാനത്തിനല്ല; PLO ചെയർമാൻ യാസർ അറാഫാത്ത് തീവ്രവാദത്തിലൂടെ യിസ്രായേലിനെ നശിപ്പിക്കുവാൻ പ്രതിജ്ഞ ചെയ്യുന്നു". അൽ അബ്രാം എന്ന കെയ്റോയിലെ ദിനപത്രത്തിൽ, ഒരു ലേഖനത്തിൽ അറാഫാത്ത് ഇങ്ങനെ പറഞ്ഞു "PLO യുടെ രാഷ്ട്രീയ സമരം അന്താരാഷ്ട്ര അനുഭാവം നേടുന്നതിനുള്ള ഒരു ഫലപ്രദമായ മാർഗ്ഗമായി തുടരുന്നു". "യിസ്രായേലിന്മേൽ സൈനിക സമ്മർദ്ധം ചെലുത്താതെയോ അവർ സ്വായത്തമാക്കിയ ദേശങ്ങളിലെ സായുധ പോരാട്ടങ്ങളുടെ തീവ്രത കൂട്ടാതെയോ അത്തരം രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കു ആഗ്രഹിക്കുന്ന ലക്ഷ്യങ്ങളെ നേടിയെടുക്കുവാനാകില്ല" എന്ന് അയാൾ മനസ്സിലാക്കി [BS'85, p. 63 east report നോടു ചേർന്ന്]. ദൈവത്തിന്റെ കാഴ്ചപ്പാട് യെഹെ. 28:24 ൽ വ്യക്തമാക്കുന്നു, "യിസ്രായേൽ ഗൃഹത്തെ നിന്ദിച്ചവരായി അവരുടെ ചുറ്റുമുള്ള എല്ലാവരിൽ നിന്നും കുത്തുന്ന പറക്കാരയും നോവിക്കുന്ന മുള്ളും ഇനി അവർക്കുണ്ടാകയില്ല; ഞാൻ യഹോവയായ കർത്താവു എന്നു അവർ അറിയും." (Rotherham).

1881 ൽ യഹൂദന്മാരുടെ കടന്നു കയറ്റം ആരംഭിച്ചു എന്നും ആ സമയത്ത് പാലസ്തീൻ അതിന്റെ ജീവിതം കെട്ടിപ്പടുക്കുന്നതിലും തദ്ദേശീയമായി സമ്പന്നമാക്കുന്നതിലും പ്രാധാന്യമർപ്പിച്ചുകൊണ്ട് ഒരു അറബ് ജനത അധിവസിച്ചിരുന്ന പച്ചപ്പുള്ള [സസ്യജാലം കൊണ്ടു പച്ചപിടിച്ച] പ്രദേശം എന്നുമായിരുന്നു യാസർ അറാഫാത്തിന്റെ കാഴ്ചപ്പാട്. ഈ വസ്തുതയെ നമുക്കു അംഗീകരിക്കപ്പെട്ട ചില വിദഗ്ദരുടെ നിഗമനങ്ങളോടു താരതമ്യം ചെയ്യാം. 1738 ൽ തോമസ് ഷാ നിവാസികളെ ആവശ്യമായി കിടക്കുന്ന ഒരു തരിശായ ദേശത്തെയാണ് അവിടെ കണ്ടത്. 1875 ൽ കോൺസ്റ്റന്റൈൻ ഫ്രാൻകോയ് ഡെ വോൽനി മൂന്നു പട്ടണങ്ങളുടെ ജനസംഖ്യ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: യെരുശലേമിൽ 12000 മുതൽ 14000 വരെ നിവാസികൾ, ബേത്‌ലഹേമിൽ 600 സമർത്ഥരായ പുരുഷന്മാർ; ഹെബ്രോനിൽ 900. 1935 ൽ അൽഫോൻസ് ഡെ ലമാർട്ടെൻ ഇങ്ങനെ എഴുതി, യെരുശലേം നഗരത്തിനു പുറത്ത് ഞങ്ങൾ ജീവനുള്ള ഒരു വസ്തുവിനെയും കണ്ടില്ല, ജീവനുള്ള ഒരു ശബ്ദവും കേട്ടില്ല, പൂർണ്ണ നിശബ്ദത ആ പട്ടണത്തിൽ വാണു. 1857 ൽ ബ്രിട്ടീഷ് കൗൺസിൽ ഇങ്ങനെ പ്രസ്താവിച്ചു. രാജ്യം നിവാസികളുടെ എണ്ണത്തിൽ വളരെ ശൂന്യമായിരുന്നു. ആയതിനാൽ മനുഷ്യ നിവാസം അവിടുത്തെ പ്രധാന ആവശ്യമായിരുന്നു. ഇത് യിസ്രായേലിന്റെ ശിക്ഷാകാലത്തിലെയും ചിതറിപ്പോയ കാലത്തിലെയും വിശദീകരണമാണ്.

ദൈവ വചനമാകുന്ന "സത്യം" ഇങ്ങനെ പറയുന്നു: "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യരും മൃഗവും ഇല്ലാതെ ശുന്യമായിരിക്കുന്നു എന്നു നിങ്ങൾ പറയുന്ന ഈ സ്ഥലത്തും യഹൂദാപട്ടണങ്ങളിലും മനുഷ്യനോ, നിവാസികളോ, മൃഗമോ ഇല്ലാതെ ശുന്യമായിരിക്കുന്ന യെരുശലേം വീഥികളിലും... ശബ്ദവും കേൾക്കും" (യിരെ. 33:10); വാക്യം 12. "സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യനും മൃഗവും ഇല്ലാതെ ശുന്യമായിരിക്കുന്ന ഈ സ്ഥലത്തും അതിന്റെ സകല പട്ടണങ്ങളിലും ആടുകളെ കിടത്തുന്ന ഇടയന്മാർക്ക് ഇനിയും മേച്ചിൽപ്പുറം ഉണ്ടാകും."

1919 ൽ യഹൂദ സംഭാവനകളും യഹൂദ കുടിയേറ്റവും ദേശത്തേക്കു ഒഴുകി ചെല്ലുന്നത് തുടർന്നു. യഹൂദന്മാർ അവിടെ വ്യവസായങ്ങളും കൃഷികളും ചികിത്സാലയങ്ങളും ആരംഭിച്ചു ഒരു പൂർണ്ണമായ സാമൂഹിക സാമ്പത്തിക അന്തർഘടനയ്ക്ക് രൂപം കൊടുത്തു. ജോലി സാധ്യതകൾ അവിടെ വർദ്ധിച്ചപ്പോൾ അറബികളുടെ കുടിയേറ്റം വർദ്ധിച്ചു. മുൻപു പ്രതിപാദിച്ചതുപോലെ ബ്രിട്ടന്റെ 1939ലെ വൈറ്റ് പേപ്പർ യഹൂദർക്കു അവരുടെ ദേശത്തേക്കു കുടിയേറുന്നതിനുള്ള വാതിലും അടച്ചു. 1946 ൽ യു.എസ്. ഭരണക്രമ നിരീക്ഷകനായിരുന്ന ബാർട്ട്‌ലിക്രം ആയിരക്കണക്കിനു അറബികൾ പാലസ്തീനിലേക്കു "ഒരു നല്ല ജീവിതത്തിനായി" കുടിയേറി എന്നു രേഖപ്പെടുത്തി. 1947 മെയ് 31 ൽ പാലസ്തീൻ സിറിയൻ പ്രവശ്യയുടെ ഭാഗമാണെന്നു അറബി പ്രതിനിധികൾ യു.എസ്. നെ ഓർമിപ്പിച്ചു. രാഷ്ട്രീയമായി പറഞ്ഞാൽ പാലസ്തീനിലെ അറബികൾക്കു അവിടെ ഒരു വിഭിന്ന

മായ രാഷ്ട്രീയ ഐക്യം രൂപീകരിക്കുവാൻ യാതൊരു സ്വാതന്ത്ര്യവുമില്ല.

സിറിയൻ പ്രസിഡന്റ് ആയിരുന്ന ഹഫീസ് ആസാദ്, യാസർ അറാഫാത്തിനോടു ഒരിക്കൽ പറഞ്ഞു: ഒരു കാര്യം ഒരിക്കലും മറക്കരുത്: പാലസ്തീൻ ജനം എന്ന ഒന്നില്ല. നിങ്ങൾ സിറിയയുടെ ഒരു അവിഭാജ്യ ഘടകമാണ്. PLO എക്സിക്യൂട്ടീവ് കൗൺസിലിന്റെ അംഗവും മിലിറ്ററി കമാന്ററുമായിരുന്ന സുഹൈർ മുഹ്സിൻ പറഞ്ഞു: യോർദ്ദാന്യർ, പാലസ്തീന്യർ, സിറിയക്കാർ, ലെബനോന്യർ എന്നിങ്ങനെ വ്യത്യാസമൊന്നുമില്ല. നാം എല്ലാവരും ഒരു രാഷ്ട്രത്തിന്റെ ഭാഗമാണ്. പാലസ്തീൻ വിഭിന്നമായ ഒരു രാഷ്ട്രമായി നിലകൊള്ളുന്നത് തന്ത്രപരമായ ലക്ഷ്യങ്ങൾക്കു വേണ്ടി മാത്രമാണ്. പാലസ്തീൻ രാഷ്ട്രത്തിന്റെ സ്ഥാപനം യിസ്രായേലിനു എതിരെയുള്ള നിരന്തര പോരാട്ടത്തിനൊരു പുതിയ ആയുധം മാത്രമായിരുന്നു.

ദൈവവചനം: "അപ്പോൾ ഞാൻ എന്റെ ജനമായ യിസ്രായേലിന്റെ പ്രവാസികളെ മടക്കി വരുത്തും; ശൂന്യമായിപ്പോയ പട്ടണങ്ങളെ അവർ പണിത്തു പാർക്കുകയും മുന്തിരി തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ വീഞ്ഞു കുടിക്കയും തോട്ടങ്ങൾ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കയും ചെയ്യും. ഞാൻ അവരെ അവരുടെ ദേശത്തു നടും; ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തു നിന്നു അവരെ ഇനി പറിച്ചുകളകയുമില്ല എന്നു നിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു" (ആമൊസ് 9:14,15).

## യിസ്രായേലിനു പാലസ്തീനുമേൽ സകല അവകാശവും ഉണ്ട്

(1959 ൽ ബാനായി ബാറീത്ത് മെസ്സൻജറിൽ ഡി.ബെൻ അഹറോൻ എഴുതിയത്)

പാലസ്തീൻ "യഹൂദന്മാരുടെ ദേശീയഭവനം" എന്ന നിലയിൽ താത്ക്കാലികമായി ബ്രിട്ടനു ഭരമേൽപിച്ച ഒരു കൽപനക്കു കീഴിൽ ഭരിക്കപ്പെടുവാൻ തീർപ്പു കൽപിച്ചപ്പോൾ അതിൽ ജോർദ്ദാന്റെ ഭാഗങ്ങളും അടങ്ങുന്ന ബൈബിളിലെ പൗരാണിക ദേശങ്ങൾ മുഴുവനും ഉൾപ്പെട്ടിരുന്നു. ശേഷം സംഭവിച്ചതെല്ലാം ചരിത്രമാണ്. വലിയ ശക്തിയുടെ കുതന്ത്രത്താൽ യുണൈറ്റഡ് നേഷൻസിന്റെ അകത്തും പുറത്തുമായി നടത്തിയ പ്രീണന നയം കൊണ്ടു "ദേശീയ ഭവനത്തെ" ഇന്നു നാം കാണുന്ന ഇടുങ്ങിയതും ശോഷിച്ചതുമായ തുണ്ടുനിലത്തേക്കു ക്രമേണ ക്ഷയിപ്പിച്ചു.

ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പ്രസംഗിക്കുന്ന ക്രൈസ്തവ ഇസ്ലാമിക രാജ്യങ്ങൾ വിശുദ്ധ ദേശം മുഴുവനും യഹൂദന്മാരുടെ എന്നേക്കുമുള്ള അവകാശത്തിലാകും എന്നു അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും ഉള്ള സ്രഷ്ടാവിന്റെ വാഗ്ദത്തങ്ങളെ പൂർണ്ണമായും അവഗണിച്ചതായി കാണുന്നു. ഇനി പറയുന്ന വചനങ്ങൾ തർക്കമറ്റതാണ്:

"ഈ ദേശത്തു താമസിക്ക... നിനക്കും [യിസ്ഹാക്കിന്] നിന്റെ സന്തതിക്കും ഈ ദേശമൊക്കെയും തരും [ഉല്പ. 13:15 മായി താരതമ്യപ്പെടുത്തുക]; നിന്റെ പിതാവായ അബ്രഹാമിനോടു ഞാൻ ചെയ്ത സത്യം നിവർത്തിക്കും. ഞാൻ നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ വർദ്ധിപ്പിച്ചു നിന്റെ സന്തതിക്കു ഈ ദേശമൊക്കെയും കൊടുക്കും; നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 26:3,4 – ARV).

"സർവ്വശക്തനായ ദൈവം നിന്നെ [യാക്കോബിനെ] അനുഗ്രഹിക്കും... അബ്രഹാമിനു കൊടുത്തതും നീ പരദേശിയായി പാർക്കുന്നതുമായ ദേശം നീ കൈവശമാക്കേണ്ടതിനു അബ്രഹാമിന്റെ അനുഗ്രഹം നിനക്കും നിന്റെ സന്തതിക്കും തരികയും ചെയ്യുമാറാകട്ടെ" (ഉല്പ. 28: 3,4 – ARV).

യിശ്മായേലിന്റെയും ഏശാവിന്റെയും വംശജർ എന്ന നിലയിൽ ഇന്നത്തെ അറബികളുടെ താത്പര്യങ്ങളെ പരിഗണിക്കാതിരുന്നിട്ടില്ല. അവർക്കും ഒരു പ്രത്യേക വ്യവസ്ഥാകാലം കൊടുത്തിരുന്നു. ബൈബിളിലെ പാലസ്തീനു കിഴക്കു അവർക്കു വിപുലമായ ഒരിടം കൽപിച്ചു നൽകിയിരുന്നു. അവരുടെ ദേശത്തിൽ അതിക്രമിച്ചു കടക്കാതിരിക്കുവാൻ ദൈവം യിസ്രായേലിനെ അനുശാസിച്ചുകൊണ്ടു പറഞ്ഞു: "അവരുടെ ദേശത്തു ഞാൻ നിങ്ങൾക്കു ഒരു കാൽ വെപ്പാൻ പോലും ഇടം തരുകയില്ല; സേയിർ [അറേബിയ] പർവ്വതം ഞാൻ ഏശാവിനു അവകാശമായി കൊടുത്തിരിക്കുന്നു" (ആവ. 2:5). എന്നാൽ വിശുദ്ധ ദേശത്തിനുള്ള അവകാശം യിസ്രായേലിനു ലഭിച്ചു. ഭാവിയെക്കുറിച്ചു പരാമർശിച്ചുകൊണ്ടു യെഹെസ്കിയേൽ പ്രവാചകൻ യഥാർത്ഥ അതിരുകളുടെ രൂപരേഖ നൽകുന്നു (യെഹെസ്കിയേൽ 47:14-20; ARV നോക്കുക).

"ഈ ദേശം നിങ്ങൾക്കു അവകാശമായി വരും. ദേശത്തിന്റെ അതിർ ഇങ്ങനെ ആയിരിക്കണം; വടക്കു ഭാഗത്തു മഹാസമുദ്രം മുതൽ ഹെത്ലോൻ വഴിയായി

സെദാദ് വരെയും ഹമാത്തും ബേരോത്തയും ദമ്മേശെക്കിന്റെ അതിരിനും ഹമാത്തിന്റെ അതിരിനും ഇടയിലുള്ള സിബ്രയീമും ഹൌറാന്റെ അതിരിങ്കലുള്ള നടുഹാസേരും ഇങ്ങനെ അതിൽ സമുദ്രം മുതൽ ദമ്മെശെക്കിന്റെ അതിരിങ്കലും ഹസർ-ഏനാത്തു വരെ വടക്കേ ഭാഗത്തു വടക്കോട്ടുള്ള ഹമാത്തിന്റെ അതിരിങ്കലും ആയിരിക്കേണം; അതു വടക്കേഭാഗം".

"കിഴക്കു ഭാഗമോ ഹൌറാൻ, ദമ്മെശേക്ക്, ഗിലെയാദ് എന്നിവയ്ക്കും യിസ്രായേൽ ദേശത്തിനും ഇടയിൽ യോർദ്ദാൻ ആയിരിക്കേണം; വടക്കേ അതിർ മുതൽ കിഴക്കേ കടൽവരെ നിങ്ങൾ അളക്കേണം; അതു കിഴക്കേ ഭാഗം." "തെക്കു ഭാഗമോ, തെക്കോട്ടു താമർ മുതൽ മെരീബാത്ത് – കാദേശ് വെള്ളം വരെയും മിസ്രയീം തോടു വരെയും മഹാസമുദ്രം വരെയും ആയിരിക്കണം. അതു തെക്കോട്ടു തെക്കേ ഭാഗം." പടിഞ്ഞാറു ഭാഗമോ; തെക്കേ അതിർ മുതൽ ഹമാത്തിലേക്കുള്ള തിരിവിന്റെ അറ്റം വരെയും മഹാസമുദ്രം ആയിരിക്കേണം; അതു പടിഞ്ഞാറേ ഭാഗം."

ഇവിടെ ദൈവം യോശുവക്കു നൽകിയ വാഗ്ദത്തത്തെ യെഹെസ്കിയേൽ ഉറപ്പിക്കുന്നു: "ആകയാൽ നീയും ഈ ജനമൊക്കെയും പുറപ്പെട്ടു യോർദ്ദാനക്കരെ ഞാൻ യിസ്രായേൽ മക്കൾക്കു കൊടുക്കുന്ന ദേശത്തേക്കു കടന്നു പോകുവിൻ. നിങ്ങളുടെ ഉള്ളംകാൽ ചവിട്ടുന്ന സ്ഥലമൊക്കെയും ഞാൻ മോശെയോടു കൽപ്പിച്ചതുപോലെ നിങ്ങൾക്കു തന്നിരിക്കുന്നു. മരുഭൂമിയും ഈ ലെബാനോനും തുടങ്ങി ഫ്രാത്ത് എന്ന മഹാനദി വരെയും ഹിത്യരുടെ ദേശമൊക്കെയും പടിഞ്ഞാറു മഹാസമുദ്രം വരെയും നിങ്ങളുടെ അതിരായിരിക്കും. ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക; ഞാൻ അവർക്കു കൊടുക്കുമെന്നു അവരുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം നീ ഈ ജനത്തിനു അവകാശമായി വിഭാഗിക്കും" (യോശു. 1:2-4, 6 ARV).

ലോക രാജ്യങ്ങൾ ഇപ്പോഴും അനുഗ്രഹിക്കപ്പെട്ടിട്ടില്ല, മറിച്ച് അവർ യിസ്രായേലിനു പാലസ്തീനുമേലുള്ള ന്യായമായ അവകാശത്തിൽ ഇടപെട്ടതിന്റെ ഫലമായി യുദ്ധങ്ങളാൽ ശപിക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ രാജ്യങ്ങളുടെ ക്ഷേമം യഹൂദജനത്തോടു മുഴുവനോടുമുള്ള അവരുടെ പെരുമാറ്റത്തെ ആശ്രയിച്ചിരിക്കുന്നു.

**മുകളിൽ പറഞ്ഞിരിക്കുന്നതിനെ സംബന്ധിച്ചുള്ള ബ്രദർ ജോളിയുടെ അഭിപ്രായം**

അബ്രഹാമിനോടുള്ള ദൈവത്തിന്റെ ഉടമ്പടിയെ വീണ്ടും ഉറപ്പിച്ചുകൊണ്ട്, അദ്ദേഹം ഇങ്ങനെ വാഗ്ദത്തം ചെയ്തു (ഉല്പ. 15:18): "നിന്റെ സന്തതിക്കു ഞാൻ മിസ്രയിം നദി [വടക്കു കിഴക്കു] തുടങ്ങി ഫ്രാത്തുനദിയായ മഹാനദിവരെയുള്ള ഈ ദേശത്തെ... തന്നിരിക്കുന്നു എന്നു അരുളിച്ചെയ്തു (പുറ. 23:30,31 താരതമ്യപ്പെടുത്തുക); ആവ. 1:7,8; 11:24 ലും വീണ്ടും, ദൈവം നൽകിയ അവകാശത്തെ, യിസ്രായേലിന്റെ സ്വത്തിനെ ഊന്നി പറഞ്ഞിരിക്കുന്നു, "ഫ്രാത്ത് നദിയായ മഹാനദി വരെയുള്ള" ദേശം വരെ നീണ്ടു കിടക്കുന്നു.

നിരവധി നൂറ്റാണ്ടുകളായി ഈ ദേശത്തെ അവകാശങ്ങളെ അനുഭവിച്ചവരെന്ന നിലയിൽ ഈ ദേശം ന്യായമായും തങ്ങളുടേതാണെന്നു വാദിക്കുന്ന യിശ്മായേലിന്റെയും ഏശാവിന്റെയും മക്കളുടെ വികാരം മനസിലാക്കുന്നുവെങ്കിലും, അവരുടെ പക്കലുള്ളത് വെറും "കൈയ്യേറ്റക്കാരുടെ അവകാശം" മാത്രമാണ്. അത് അവരെ ഒരിക്കലും ഈ ദേശത്തിന്റെ യഥാർത്ഥ അവകാശികളാക്കുകയില്ല എന്നു അവർ മനസിലാക്കണം. ദൈവം യിസ്രായേലിനു വാസം ചെയ്തു പെരുകുവാൻ നൽകിയ ദേശത്തു നിന്നും അവർ പിൻതിരിയണം.

ദൈവത്തിനു യിസ്രായേലിനോടുള്ള വാഗ്ദത്തത്തെ തിരിച്ചറിയുന്നതിൽ അറബികൾക്കു യാതൊന്നും ഭയക്കുവാനില്ല. എന്തുകൊണ്ടെന്നാൽ അവർ അതിനെ അംഗീകരിച്ചാലും ഇല്ലെങ്കിലും അതു ക്രമേണ നിറവേറ്റപ്പെടും. യിസ്രായേൽ കേന്ദ്രമാകുന്ന വരുവാനിരിക്കുന്ന നീതിയുടെ വാഴ്ച ആയിരിക്കും അറബികൾക്കും അതോടൊപ്പം യഹൂദന്മാർക്കും ജാതികൾക്കും അനുഗ്രഹങ്ങളും സന്തോഷവും പ്രധാനം ചെയ്യുക. വളരെ നിഗൂഢവും പലപ്പോഴും മനസിലാക്കുവാൻ പ്രയാസവുമുള്ളതായിരിക്കും ദൈവത്തിന്റെ വഴികൾ എങ്കിലും അതിന്റെ അന്ത്യം ഏറ്റവും മികച്ചതാണ് എന്നു യിശ്മായേലിന്റെയും ഏശാവിന്റെയും പുത്രന്മാർ തിരിച്ചറിയും.

**കൂടുതൽ തെളിവ്**

യഹൂദന്മാർക്കു പാലസ്തീനിലേക്കുള്ള ഒരു മടങ്ങിവരവിനെക്കുറിച്ചു ദൈവവചനം ഉപദേശിക്കുന്നു. യെഹെ. 37:12 ൽ വിവരിച്ചിരിക്കുന്നതുപോലെ അവിടെ അബ്രഹാമിന്റെ പിൻതുടർച്ചക്കാർക്കു സുഖമായി ജീവിക്കുവാൻ ആവശ്യമായ ദേശം ഉണ്ടാകും, "യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: എന്റെ ജനമെ, ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്നു നിങ്ങളെ ശവക്കുഴിയിൽ

നിന്നു കയറ്റി യിസ്രായേൽ ദേശത്തേക്കു കൊണ്ടു പോകും." യെഹെ. 36:35, "ശൂന്യമായി കിടക്കുന്ന ദേശം ഏദെൻ തോട്ടം പോലെ ആയിത്തീർന്നുവല്ലോ; എന്നു അവർ പറയും." വാക്യം 36, "യഹോവയായ ഞാൻ അരുളിച്ചെയ്തിരിക്കുന്നു; ഞാൻ നിവർത്തിക്കു കയും ചെയ്യും."

RSV ൽ യെഹെ. 38:8 ലെ "ഏറിയ നാൾ കഴി ഞ്ഞിട്ട്" എന്ന പ്രയോഗത്തെ "നാളുകളുടെ അന്ത്യ നാളിൽ നീ [മാഗോഗ് ദേശത്തിലെ ഗോഗ്, വാക്യം 2] വാളിൽ നിന്നും ഒഴിഞ്ഞുപോന്നതായ രാജ്യത്തി ലേക്കു തിരിയും." ഇവിടെ ഗോഗ് ശക്തിയേറിയതും ഭയങ്കരവും അഹങ്കാരവുമുള്ള എല്ലാറ്റിനെയും ആണ് കാണിക്കുന്നത്! അതെ, അവർ ദൈവജനത്തിന്റെ ശത്രുക്കളായ രാഷ്ട്രങ്ങളുടെ നേതാക്കന്മാരാണ്. മാഗോഗ്, ദൈവത്തിന്റെ ശത്രുക്കളായ രാഷ്ട്രങ്ങളുടെ നേതാക്കന്മാരെ കാണിക്കുന്നു. ഓ, ഹർമ്മഗദ്ദോനും അരാചകത്വവും അനേക വർഷങ്ങളോളം നീണ്ടു നി ൽക്കുന്നു; ശേഷം യാക്കോബിന്റെ കഷ്ടകാലത്തിന്റെ രണ്ടാം ഭാഗമായ "നാളുകളുടെ അന്ത്യനാൾ" ആണ് എന്നു പറയുന്നു. വാക്യം 11, 12 ൽ, "മതിൽ ഇല്ലാത്ത ഗ്രാമങ്ങൾ ഉള്ള ദേശത്തു ഞാൻ ചെല്ലും; കൊള്ള ഇടേണ്ടതിനും കവർച്ച ചെയ്യേണ്ടതിനും ശൂന്യമായി കിടന്നിട്ടു വീണ്ടും നിവാസികളുള്ള സ്ഥലങ്ങൾക്കു നേരെയും ജാതികളുടെ ഇടയിൽ നിന്നു ശേഖരിക്ക പ്പെട്ടും.... ഭൂമിയുടെ മദ്ധ്യേ വസിച്ചും ഇരിക്കുന്ന ഒരു ജനത്തിന്റെ നേരെയും കൈ നീട്ടേണ്ടതിനും.... ഞാൻ ചെല്ലും." (E-6 p. 580).

ഈ വചനങ്ങൾ അന്ത്യകാലത്തിലെ ഉത്കൃ ഷ്ടമായ യിസ്രായേലിന്റെ ദൈവിക വിധിയെ വ്യ ക്തമായി കാണിക്കുന്നു. അതെ ഈ യുഗത്തിന്റെ അന്ത്യത്തിൽ, ഈ ഭൂമിയിൽ തന്നെ ആണ് അതു നിറവേറ്റപ്പെടുന്നത്. അബ്രഹാം ജീവിച്ച സ്ഥലം യി സ്ഹാക്കിനും യാക്കോബിനും യിസ്രായേൽ ജനത്തി നും ഉള്ളതാണ് എന്നു ദൈവം അബ്രഹാമിനോടു BC 2045 ൽ വാഗ്ദത്തം ചെയ്തു എന്നു മാറ്റമില്ലാത്ത വാഗ ത്തത്തെ പഴയ നിയമം സമർത്ഥിക്കുന്നു. ആധുനിക യിസ്രായേൽ മാത്രമല്ല ലോകത്തിന്റെ ആ ഭാഗത്തു അടുത്ത കാലത്ത് ഉണ്ടാക്കിയ പരമാധികാരമുള്ള രാ ഷ്ട്രങ്ങളും "ഇപ്പോഴത്തെ ദുഷ്ടലോകത്തിന്റെ" നാടകം അരങ്ങേറുന്ന തട്ട് ആയിരിക്കും എന്ന വസ്തുത നാം അംഗീകരിക്കണം. യെഹെ. 38:12 ൽ "ഭൂമിയുടെ മദ്ധ്യേ" [നടുവിൽ, എബ്രായ ഭാഷയിൽ (നാവാൽ) ജീവന്റെ കേന്ദ്രം] ലോക ഭരണകൂടത്തിന്റെ ഭരണകേ ന്ദ്രമായിത്തീരും – അതിലും അനുയോജ്യമായ ഒരിടം കണ്ടെത്തുവാനാകില്ല.

കൃത്യമായി നിയമപരമായ രൂപത്തിൽ ഭാവിയിലെ ഈ വിശുദ്ധ ദേശത്തിന്റെ യഥാർത്ഥ വ്യാപ്തിയേയും അതിരുകളെയും കുറിച്ചുള്ള ദൈവവചനത്തിലെ വിശദീകരണം നമുക്കു പരിശോധിക്കാം.

ആധാരം #1 : ഉല്പ. 15:18-21: "നിന്റെ സന്തതിക്കു ഞാൻ മിസ്രയിം നദി തുടങ്ങി ഫ്രാത്ത് നദിയായ മഹാനദി വരെയുള്ള ഈ ദേശത്തെ... തന്നിരിക്കു ന്നു." മിസ്രയീം നദി നൈൽ നദിയാണ് [നാഹാർ 5104 സ്ട്രോങ്ങിൻ നൽകിയിരിക്കുന്ന അർത്ഥം സ്ഥിരമായി ഒഴുകുന്ന അരുവി എന്നാണ്]. വാദി-എൽ-ആരിഷ് എന്ന പ്രയോഗത്തിലൂടെയും ഇതേ മിസ്രയീം നദിയെ സൂചിപ്പിച്ചിരിക്കുന്നു [നാഹാൽ 5158 സ്ട്രോങ്ങിൻ, കാലികമായ ഒഴുക്ക്].

കൂടാതെ അന്നു നിലനിന്നിരുന്ന ജനത്തിൽ ആരു ടെയൊക്കെയോ ഭൂപ്രദേശങ്ങൾ ആണ് വിശുദ്ധ ദേശത്ത് ഉൾപ്പെടുത്തേണ്ടത് എന്ന പട്ടികയും വളരെ പ്രധാനമാണ്. "കേന്യർ, കെനിസ്യർ, കദ്മോന്യ ർ, ഹിത്യർ, പെരിസ്യർ, രെഫായിമ്യർ, അമോര്യർ, കനാന്യർ, ഗിർഗ്ഗസ്യർ, യെബൂസ്യർ".

ആധാരം # 2: പുറ. 23:31: "ഞാൻ നിന്റെ ദേശം ചെങ്കടൽ തുടങ്ങി ഫെലിസ്ത്യരുടെ കടൽ വരെയും മരുഭൂമി തുടങ്ങി നദി വരെയും ആക്കും." "ചെങ്കടൽ" യിസ്രായേലിന്റെ തെക്കു പടിഞ്ഞാറാണ് സ്ഥിതി ചെ യ്യുന്നത്. ഫെലിസ്ത്യ കടൽ ക്രിത്തിൽ നിന്നും [കഫ് ത്താരീം] പടിഞ്ഞാറാണ് സ്ഥിതി ചെയ്യുന്നത്. ഫെലി സ്ത്യർ അവരുടെ മാതൃദേശമായ കഫ്ത്താരിനു വേണ്ടി ചോളം വിളയിക്കുവാൻ കനാന്റെ തീരങ്ങളിൽ അധി വസിച്ചു. "ഫെലിസ്ത്യരുടെ കടൽ" ക്രീത്ത് പ്രബലമായ ഒരു കടൽ ശക്തിയായിരുന്നു. പുറപ്പാടിനു ശേഷം ഒരു നൂറ്റാണ്ടിനുള്ളിൽ [1615-1575 BC] ഈ കടൽ ശക്തി സോരിലെയും സീദോനിലെയും ഫീനീഷ്യൻസിനു ഇതു കൈമാറ്റം ചെയ്തു. അങ്ങനെ അതു മഹാ കടൽ ആയി മാറി. "മരുഭൂമി"; തെക്കു കിഴക്ക് [മിഡ്ബാർ 4057 സ്റ്റോങ്ങിൽ] സീനായി മുതൽ [യുണൈറ്റഡ് അറബ് റി പ്പബ്ലിക്ക്] പേർഷ്യൻ ഗൾഫായ കുവൈറ്റ് [ഏലം] വരെ ആയിരുന്നു. "നദി വരെയും" ഫ്രാത്തിന്റെ [നാഹോർ 5104 സ്റ്റോങ്ങിൽ] കിഴക്കു മുതൽ വടക്കു വരെ.

യിസ്രായേലിനു ഈ വിശാലമായ ഭൂപ്രദേശത്തി ന്റെ മുഴുവനും അവകാശം ലഭിച്ചില്ല. എന്തുകൊണ്ടെ ന്നാൽ അവർ ഇന്നു വരെയും സ്വന്തശക്തിയിലാണ് പോരാടിയത്.

ആധാരം # 3 : കുറച്ചു മാസങ്ങൾക്കു ശേഷമാണ് ഇത് നൽകിയത്: ആവ. 1:6-8, "ഹോരേബിൻ വച്ചു നമ്മുടെ ദൈവമായ യഹോവ നമ്മോടു കൽപ്പിച്ചത്: "നിങ്ങൾ ഈ പർവ്വതത്തിങ്കൽ പാർത്തതു മതി. തിരിഞ്ഞു യാത്ര ചെയ്തു അമോര്യരുടെ പർവ്വതത്തിലേക്കും അതിന്റെ അയൽ പ്രദേശങ്ങളായ അരാബാ, മലനാട്, താഴ്‌വീഥി, തെക്കേദേശം, കടൽക്കര എന്നിങ്ങനെയുള്ള കനാന്യദേശത്തേക്കും ലെബാനോനിലേക്കും ഫ്രാത്ത് എന്ന മഹാനദി വരെയും പോകുവിൻ. ഇതാ ഞാൻ ആ ദേശം നിങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു: നിങ്ങൾ കടന്നു യഹോവ നിങ്ങളുടെ പിതാക്കന്മാരായ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും അവരുടെ സന്തതിക്കും കൊടുക്കുമെന്നു അവരോടു സത്യം ചെയ്ത ദേശത്തെ കൈവശമാക്കുവിൻ."

ആവ. 1:7, വിശദമായി: "തിരിഞ്ഞു യാത്ര ചെയ്തു അമോര്യരുടെ പർവ്വതത്തിലേക്കും ["അമോര്യരുടെ പർവ്വതം" കിഴക്കു ചാവുകടലിലേക്കും യോർദ്ദാൻ നദിയിലേക്കും പരന്നു കിടക്കുന്ന ഒരു പീഠഭൂമിയാണ്]; അതിന്റെ അയൽ പ്രദേശങ്ങളായ അരാബാ [(അരാബാ) "സമതലത്തിൽ" യോർദ്ദാൻ നദി ഗലീലിയിൽ നിന്നും ചാവുകടലിലേക്കു ഒഴുകുന്ന താഴ്‌വര] മലനാട് [മലനാട്ടിൽ മുഴു ശമര്യയും (കേന്ദ്രം) യഹൂദ (താഴ്ന്ന പ്രദേശം) ഗലീലിയും (ഉയർന്ന പ്രദേശം), ഇന്ന് വെസ്റ്റ് ബാങ്ക് എന്നു അറിയപ്പെടുന്ന] താഴ്‌വീഥി [ഹാ-സെഫല്ലാ എന്ന താഴ്‌വീഥി, മദ്ധ്യധരണ്യാഴിയുടെ തെക്ക് യോപ്പയിൽ ഉള്ള സമതല പ്രദേശമായ ഗാസാ (നെഗെബ്) തെക്കു കിഴക്കൻ സീനായി, അക്കാബയുടെ ഉൾക്കടൽ (അറേബ്യ)] തെക്കേദേശം, കടൽക്കര എന്നിങ്ങനെയുള്ള കനാന്യദേശത്തേക്കും ലെബാനോനിലേക്കും ഫ്രാത്ത് എന്ന മഹാനദി വരെയും പോകുവിൻ ["കനാൻ ദേശത്തേക്കും ലെബാനോനിലേക്കും" മുഴു യിസ്രായേലിലേക്കും, ഏഷ്യമൈനറിന്റെ വടക്കു നിന്നും മഹാനദിയായ ഫ്രാത്ത് വരെ].

ആധാരം # 4 : ആവ. 11:23,24: "യഹോവ ഈ ജാതികളെയെല്ലാം നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളയും; നിങ്ങളെക്കാൾ വലിപ്പവും ബലവുമുള്ള ജാതികളുടെ ദേശം നിങ്ങൾ കൈവശമാക്കും. നിങ്ങളുടെ ഉള്ളംകാൽ ചവിട്ടുന്ന ഇടമൊക്കെയും നിങ്ങൾക്കു ആകും; നിങ്ങളുടെ അതിർ മരുഭൂമി മുതൽ ലെബാനോൻ വരെയും ഫ്രാത്ത് നദി മുതൽ പടിഞ്ഞാറേ കടൽ വരെയും ആകും." "മരൂഭൂമി മുതൽ" [മിഡ്ബാൽ 4057 സ്ട്രോങിൽ] എന്നുള്ളത് രണ്ടാമത്തെ ആധാരത്തിൽ നിർവ്വചിച്ചതു പോലെ തന്നെയാണ്. അങ്ങനെ നാം അതിരുകൾ തെക്ക് അറേബ്യൻ മരുഭൂമിയിൽ നിന്നും വടക്കു ലെബാനോൻ വരെയും കിഴക്കു ഫ്രാത്ത് നദി മുതൽ പടിഞ്ഞാറ് മദ്ധ്യധരണാഴി വരെ [അഹാറൻ 314 സ്ട്രോങിൽ] (മദ്ധ്യധരണ്യാഴിക്കുള്ള എബ്രായപദം).

വംശതലവനായ അബ്രഹാമിന്റെ പിൻഗാമികളിൽ നിന്നും ഒരു ജനത വികസിതമാകുമെന്ന മാറ്റമില്ലാത്ത വാദത്തെ ദൈവവചനമാകുന്ന ബൈബിൾ സമർത്ഥിക്കുകയും വിശാലമാക്കപ്പെട്ട സുവിശേഷയുഗ കൊയ്ത്തിൻ വേലയുടെ അന്ത്യത്തോടെ വാഗ്ദത്തം നിറവേറ്റപ്പെടുമെന്നു പുതിയ നിയമത്തിൽ പറകയും ചെയ്യുന്നു! ഇവിടെ ചിത്രീകരിക്കുന്ന ദേശം ആധുനിക രാജ്യങ്ങളായ ഈജിപ്റ്റ്, സീനായി, യിസ്രായേൽ, അറേബിയ, പടിഞ്ഞാറേ ഇറാക്ക് ഉൾപ്പെടെ ഇന്നത്തെ യിസ്രായേലിനേക്കാൾ 28 മടങ്ങ് വിപുലമായ പ്രദേശത്തെ കാണിക്കുന്നു.

കൽദയ പട്ടണമായ ഊര് വിട്ട്, ദേശത്തിന്റെ വടക്ക് പടിഞ്ഞാറുള്ള ഹാരാനിലേക്കു പോകുവാൻ അബ്രഹാം വിളിക്കപ്പെട്ടത് ദിവ്യചരിത്രത്തിൽ വെച്ചുതന്നെ ഏറ്റവും മഹാ സംഭവങ്ങളിൽ ഒന്നാണ്. ഹാരാനിൽ നിന്നും അബ്രഹാം കനാനിലേക്കു യാത്രയായി. പിന്നീടു ദേശത്തിന്റെ തെക്ക് പടിഞ്ഞാറേ അതിർത്തിയിലുള്ള മിസ്രയീമിലെ ഗോശെൻ ദേശത്ത് യാക്കോബ് ചെന്നു പാർത്തു. അവിടെ നിന്നാണ് ഒരു പിടി ആളുകളിൽ നിന്നും രണ്ട് ദശോപലക്ഷത്തിലധികം ആളുകളിലേക്കു യിസ്രായേൽ വളർന്നത്. അങ്ങനെ അവർ ഒരു ദേശമായി, സീനായിൽ വച്ചു BC 1615 ൽ ദൈവവുമായി ന്യായപ്രമാണ ഉടമ്പടി ബന്ധത്തിൽ ഏർപ്പെട്ടു.

ഉല്പ. 14:18-20 നമുക്കിനി പരിശോധിക്കാം: "ശാലേം രാജാവായ മൽക്കീസേദെക്ക് അപ്പവും വീഞ്ഞും കൊണ്ടു വന്നു: അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. അവൻ അവനെ അനുഗ്രഹിച്ചു. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ; നിന്റെ ശത്രുക്കളെ നിന്റെ കൈയ്യിൽ ഏൽപ്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. അവനു അബ്രാം സകലത്തിലും ദശാംശം കൊടുത്തു." തടസ്സപ്പെടുത്തുക എന്ന ഒറ്റ ലക്ഷ്യത്താൽ കൂട്ടിച്ചേർത്തിരിക്കുന്ന ഒരു പ്രയോഗം നമുക്കിവിടെ കാണാം. അമെനോഫിസ്

മൂന്നാമനും നാലാമനുമായ ഫറവോകളുടെ വാഴ്ചാ കാലത്തെ മിസ്രയീം പാലസ്തീന്റെ അധികാരത്തിൻ കീഴിൽ ആയിരുന്നു എന്നു യിസ്രായേലിൽ നിന്നു കണ്ടെത്തിയ ചില രേഖകൾ സൂചിപ്പിക്കുന്നു. മൽക്കീസേദെക്കിനെ കുറിച്ച് "എന്റെ പിതാവിനാലല്ല, മാതാവിനാലുമല്ല ഞാൻ ഈ സ്ഥാനത്തെത്തിയത്, എന്റെ സർവ്വശക്തനായ രാജാവിനാലാണ്" എന്നു മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നു. ഇത് എബ്രാ. 7:1-4 ആയി എത്ര മനോഹരമായാണ് യോജിക്കുന്നത്: "ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ ഈ മൽക്കീസേദെക്ക് രാജാക്കന്മാരെ ജയിച്ചു മടങ്ങിവരുന്ന അബ്രഹാമിനെ എതിരേറ്റു അനുഗ്രഹിച്ചു; അബ്രഹാം അവനു സകലത്തിലും പത്തിലൊന്നു കൊടുത്തു. അവന്റെ പേരിനു ആദ്യം നീതിയുടെ രാജാവെന്നും പിന്നെ ശാലേം രാജാവ് എന്നു വെച്ചാൽ സമാധാനത്തിന്റെ രാജാവ് എന്നും അർത്ഥം. അവനു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും, ജീവാവസാനവും ഇല്ല; അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരുന്നു. ഇവൻ എത്ര മഹാൻ എന്നു നോക്കുവിൻ; ഗോത്രപിതാവായ അബ്രഹാം കൂടെയും അവനു കൊള്ളയുടെ വിശേഷ സാധനങ്ങളിൽ പത്തിലൊന്നു കൊടുത്തുവല്ലോ."

മിഷിഗണിലെ, ഗ്രാന്റ് റാപിഡ്സിലെ, കോർണർസ്റ്റോൺ യൂണിവേഴ്സിറ്റിയിലെ ഒരു സെമിനാറിൽ പങ്കെടുക്കുമ്പോൾ പഴയനിയമത്തിന്റെയും പുരാതന കിഴക്കൻ ചരിത്രത്തിന്റെയും പുരാവസ്തു ശാസ്ത്രത്തിന്റെയും പ്രൊഫസർ ആയിരുന്ന ജെയിംസ് കെ. ഹൊഫ്മാൻ ഈ വിഷയത്തെ സൂചിപ്പിക്കുകയും ഇതേ നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തു. ഇതേ സ്ഥലത്തു വെച്ചു തന്നെ യഹൂദയുഗം അവസാനിക്കുകയും, ആദ്യം യഹൂദ പരിവർത്തിതരിലും പിന്നെ ജാതീയരായ പരിവർത്തിതരിലും ലഭിച്ച പരിശുദ്ധാത്മ സ്നാനത്താലും ശേഷം "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ" എന്നു നിലവിളിച്ച് ദേശത്തിന്റെ മേൽ തീയാലുള്ള സ്നാനത്താലും സുവിശേഷയുഗം ആരംഭിക്കുകയും ചെയ്തു. (മത്താ. 27:25; What Pastor Russel Said P. 355 bottom). യഹോവയുടെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനെതിരെ പ്രതികാരം ചെയ്തുകൊണ്ട് എതിരെ ചെന്നവരുടെ രക്തത്തെ യഹോവ നിർമ്മലമാക്കും. "അങ്ങനെ ഞാൻ എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ വസിക്കുന്നവനായി നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയും."

ഞങ്ങളുടെ ഈ പ്രസ്ഥാനം യഹൂദ ദേശത്തെക്കുറിച്ചുള്ള ചാൾസ് ടെയ്സ് റസ്സലിന്റെ (1852-1916) ഉപദേശത്തോടു പൊരുത്തപ്പെട്ടും അവയെ അംഗീകരിച്ചും നിലനിന്നു പോരുന്നു. പാസ്റ്റർ റസ്സൽ ജനിക്കുന്നതിനു മുൻപുതന്നെ തന്റെ അമ്മ കർത്താവിനായി അദ്ദേഹത്തെ സമർപ്പിച്ചിരുന്നു. കുട്ടിയായിരുന്ന ചാൾസ് അമ്മയിൽ നിന്നും ഏറ്റവും ശ്രദ്ധേയമായ ആത്മീയ പരിശീലനങ്ങൾ നേടി. എങ്ങനെയാണ് സ്നേഹവാനായ ദൈവം മനുഷ്യരാശിയിലെ ഭൂരിഭാഗത്തെയും നിത്യദണ്ഡനത്തിനു വിധിക്കുക എന്ന ഒരു അവിശ്വാസിയുടെ ചോദ്യത്താൽ അദ്ദേഹത്തിന് ഒരു വെല്ലുവിളി നേരിട്ടു. തന്റെ സഭയിലെ പാസ്റ്റർമാരിൽ നിന്നോ മൂപ്പൻമാരിൽ നിന്നോ അതിനുത്തരം അദ്ദേഹത്തിനു ലഭിച്ചില്ല. അത്തരം സിദ്ധാന്തങ്ങളെ ഉപദേശിച്ചുകൊണ്ട് ബൈബിളിനു സ്നേഹവാനായ സ്രഷ്ടാവിന്റെ സ്വഭാവത്തിന്റെ യഥാർത്ഥ പ്രതിബിംബം ആകുവാൻ കഴിയുകയില്ല എന്നു അദ്ദേഹം അനുമാനിച്ചു. മറ്റൊരു മതങ്ങൾക്കും സത്യത്തോടുള്ള അദ്ദേഹത്തിന്റെ വിശപ്പിനെ ശമിപ്പിക്കുവാനായില്ല.

21-ാം വയസിൽ തന്റെ മുൻപിൽ ഒരു വ്യവസായ ഔദ്യോഗിക ജീവിതത്തിന്റെ ഉറപ്പുണ്ടായിരുന്നിട്ടും, മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള സത്യത്തെ അറിയുവാൻ അദ്ദേഹത്തിനു അഗാധമായ ആഗ്രഹമുണ്ടായി. അങ്ങനെ അദ്ദേഹം ബൈബിളിനെ ഒരു നാസ്തികന്റെ നിലപാടിൽ നിന്നു പരിശോധിക്കുവാൻ തീരുമാനിച്ചു. കർത്താവ് അദ്ദേഹത്തിന്റെ സത്യസന്ധമായ അന്വേഷണത്തെ അനുഗ്രഹിച്ചു. ബൈബിളിലെ സ്വരച്ചേർച്ചയുള്ള സാക്ഷ്യത്താൽ അതിശയിക്കപ്പെട്ട ചാൾസ് ഒരു ജ്ഞാനിയും, ശാന്തനും, നീതിമാനും, സ്നേഹവാനുമായ സ്രഷ്ടാവിന്റെ വചനം എന്ന നിലയിൽ ബൈബിളിനെ പൂർണ്ണമായും വിശ്വസിച്ചു. ദൈവത്തിന്റെ തക്കതായ കാലത്ത് ബൈബിളിലെ മുഖ്യ ഉപദേശങ്ങൾ ആയ മറുവില, പ്രതിശാന്തി, പാപയാഗം, കൂടാതെ പ്രധാന ഉടമ്പടികൾ എല്ലാം അദ്ദേഹത്തിനു വ്യക്തമാക്കപ്പെട്ടു. അതിൽ 1874 ലെ ശരത്കാലം മുതൽ ആരംഭിച്ച കർത്താവിന്റെ അദൃശ്യമായ പറൂസിയ എന്ന ഉപദേശം അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിച്ചു.

ഒരു സ്വർഗ്ഗീയ രക്ഷ കൊണ്ടോ ഭൗമിക രക്ഷ കൊണ്ടോ മുഴു മനുഷ്യരാശിയെയും അനുഗ്രഹിക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ തിരിച്ചറിവ് അറിഞ്ഞ സത്യങ്ങളെ ലോ

കത്തിന്ന അറിയിച്ചുകൊടുക്കുവാൻ അദ്ദേഹത്തിന്ന ശക്തിയും ചാതുര്യവും നൽകി. അദ്ദേഹത്തിന്റെ ലോകവ്യാപകമായ പ്രസംഗ പര്യടനങ്ങളും, വിപുലമായ എഴുത്തുകളും തിരുവെഴുത്തുകളുടെ വിശദീകരണത്തെ കുറിച്ചുള്ള പ്രസിദ്ധീകരണങ്ങളും, അദ്ദേഹത്തെ അപ്പൊസ്തലനായ പൗലൊസ് മുതലുള്ള വലിയ മതനേതാക്കളിൽ ഒരാളാക്കി. പാസ്റ്റർ റസ്സലിന്റെ വേലയിൽ പ്രത്യേക ശ്രദ്ധ അർഹിക്കുന്നത്, സീയോനിസത്തിനായുള്ള അദ്ദേഹത്തിന്റെ സേവനമാണ്.

ബെഞ്ചമിൻ ഡിസ്രേലിയുടെ പ്രയത്ന ഫലമായി **1878** ൽ ബെർലിൻ കോൺഗ്രസ് ഓഫ് നേഷൻസ് പാലസ്തീനിലെ യഹൂദന്മാരുടെ മേൽ അടിച്ചേൽപ്പിച്ച നിയന്ത്രണങ്ങൾ കുറച്ചുകൊണ്ടുള്ള കൽപനയെ പുറപ്പെടുവിച്ചു. സെൻട്രൽ യൂറോപ്പിൽ വിയന്നയുടെയും ഹസ്കലയുടെയും സ്വാധീനം മൂലം സീയോനിസത്തിന്റെ വലിയ യോദ്ധാവായ തിയോഡോർ ഹെർസൽ രാജ്യതന്ത്രത്തിൽ പുതിയ ഒരു സമീപനം കൊണ്ടുവന്നു. യഹൂദന്മാരുടെ പ്രശ്നത്തിന്ന (**1896** ൽ പ്രസിദ്ധീകരിച്ച *Der Judenstaat* – യഹൂദദേശം എന്ന പുസ്തകത്തിൽ വ്യക്തമാക്കിയിരിക്കുന്നത്) ഉള്ള ഏക പ്രതിവിധി യഹൂദന്മാർക്ക് ഒരു പരമാധികാരമുള്ള രാഷ്ട്രം സ്ഥാപിക്കുക എന്നതാണ്. ഈ കാഴ്ചപ്പാട് **1897** ൽ ബാസെലിൽ വച്ചു നടന്ന ആദ്യത്തെ സീയോനിസ്റ്റ് കോൺഗ്രസിന്റെ സമയത്താണ് ഒരു യഥാർത്ഥമായ രാഷ്ട്രീയ ആശയമായി ഉയർന്നുവന്നത്. ആധുനിക പ്രസ്ഥാനം അങ്ങനെ യഹൂദന്മാരുടെ ആണ്ടുകൾ പഴകിയ ഭവനരഹിതമായ അവസ്ഥയുടെ പരിഹാരമായി മതപരമായല്ല മറിച്ച് രാഷ്ട്രീയപരമായി ആണ് ആരംഭിച്ചത്. **1904** ലെ ഹെർസലിന്റെ നേരത്തെയുള്ള മരണം, യഹൂദന്മാരുടെ വിമോചനത്തിനായി പ്രവർത്തിക്കുന്ന പ്രഥമപ്രവർത്തകരെ പരിഭ്രമിപ്പിക്കുകയും, സീയോനിസ്റ്റ് പ്രസ്ഥാനം ഇടറുന്നതിന്ന ഇത് കാരണമാവുകയും ചെയ്തു. എങ്കിലും തികച്ചും അപ്രതീക്ഷിതമായ ദേശത്തു നിന്നും അതിന്ന പുതുജീവൻ നൽകിക്കൊണ്ടുള്ള സന്ദേശം വന്നു. **1910** ൽ ക്രിസ്ത്യാനിയും യഹൂദന്മാരുടെ ജാതീയസുഹൃത്തും, എബ്രായ പ്രവചനത്തിന്റെ ആഴത്തിലുള്ള പഠിതാവുമായ പാസ്റ്റർ റസ്സൽ, "ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം" എന്ന തലക്കെട്ടിൽ **12** ലേഖനങ്ങൾ എഴുതുകയും, അത് യഹൂദന്മാരിൽ വലിയ ജിജ്ഞാസയും താത്പര്യവും ഉയർത്തുകയും ചെയ്തു. പത്തൊൻപതു വർഷങ്ങൾക്കു മുൻപ്, ആദ്യത്തെ സിയോനിസ്റ്റ് കോൺഗ്രസ് നടക്കുന്നതിനും ആറു വർഷങ്ങൾക്കു മുൻപ്, ഹെർസലിന്റെ പ്രവർത്തനങ്ങൾ അധികം പ്രസിദ്ധമാകാത്ത സമയത്തു തന്നെ, സി.റ്റി. റസ്സൽ "നിന്റെ രാജ്യം വരേണമേ" എന്ന തന്റെ പുസ്തകത്തിൽ "യിസ്രായേലിന്റെ യഥാസ്ഥാപനം" എന്ന ഒരു വലിയ അദ്ധ്യായം ചേർത്തിരുന്നു.

"ഓവർലാന്റ് മന്ത്‌ലി" (പ്രമുഖനായ പത്രപ്രവർത്തകനും ലേഖകനുമായിരുന്ന ഫ്രാൻസിസ് ബ്രെറ്റ് ഹാർട്ടിന്റെ യു.എസ്.എയിലെ സാൻഫ്രാൻസിസ്കോയിലെ പ്രസിദ്ധീകരണം) എന്ന മാസികയിൽ വന്ന പാസ്റ്റർ റസ്സലിന്റെ പന്ത്രണ്ട് ലേഖനങ്ങൾ അദ്ദേഹത്തെ അതേ വർഷം തന്നെ **1910**, ന്യൂയോർക്കിലെ ഹിപ്പൊഡ്രോമിൽ നടന്ന യഹൂദ കൂട്ടായ്മയിൽ പ്രസംഗിക്കാൻ ക്ഷണിക്കുന്നതിന്ന കാരണമായി. "യെരുശലേമിനോടു ആദരവോടെ സംസാരിക്കേണ്ട സമയം" (യെശ. **40:2**) വന്നിരിക്കുന്നു എന്നു കർത്താവ് അദ്ദേഹത്തിലൂടെ വെളിപ്പെടുത്തി. **1910** ൽ ന്യൂയോർക്കിലെ ഹിപ്പൊഡ്രോമിലെ കൂട്ടായ്മയിൽ "പാസ്റ്റർ" റസ്സൽ **4000** യഹൂദരെ അഭിസംബോധന ചെയ്യുകയും ഈ വിജാതീയനായ ക്രിസ്തീയ ഉപദേഷ്ടാവ് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെക്കുറിച്ചുള്ള പ്രവചനങ്ങളെ വിവരിക്കുന്നത് അവർ കേൾക്കുകയും ചെയ്തു. നിരവധിപ്പേർ ആരംഭത്തിൽ പ്രതികരണമില്ലാത്തവരും സംശയാലുക്കളുമായിരുന്നെങ്കിലും അവരുടെ തന്നെ തിരുവെഴുത്തുകളിൽ അവർക്കുള്ള പുതിയ പ്രതീക്ഷയുടെ വെളിച്ചത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചപ്പോൾ അവർ കയ്യടിച്ചു. യിസ്രായേലിന്റെ യഥാസ്ഥാപനം പാസ്റ്റർ റസ്സലിന്റെ ശുശ്രൂഷയിലെ വളരെ പ്രധാന വിഷയമായിരുന്നു. പ്രവചനങ്ങൾ അവയുടെ നിവർത്തിയിലേക്കു പുരോഗമിച്ചു വരുന്നതിൽ യഹൂദന്മാരും ക്രിസ്ത്യാനികളും ഒരുപോലെ സന്തോഷവാന്മാരായിരുന്നു.

രണ്ട് ലവോദിക്യൻ ദൂതന്മാരുടെയും വേലകളിലൂടെ നൽകിയിരിക്കുന്ന ദൈവവചനത്തിലുള്ള നമ്മുടെ തിരിച്ചറിവിൽ ഈ പ്രസ്ഥാനം ഇന്നും അനുഗ്രഹിക്കപ്പെട്ടതായി നിലകൊള്ളുന്നു! ഈ സത്യസന്ദേശത്തിന്റെ നിരന്തരമായ പഠനത്തിലൂടെയും, അഭ്യാസത്തിലൂടെയും, പരത്തലിലൂടെയും ദൈവകൃപ നേടുന്നത് ഞങ്ങൾ തുടരുന്നു. ദൈവത്തിന്റെ സമർപ്പിത പൈതൽ എന്ന നിലയിൽ മീഖ. **6:8** നമ്മെ നയിക്കുന്നു, "മനുഷ്യാ, നല്ലത് എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു; ന്യായം പ്രവർത്തിപ്പാനും, ദയാതത്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും

അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?" എന്തുകൊണ്ടെന്നാൽ നിന്റെ ദയ എന്റെ കണ്ണിനു മുമ്പിൽ ഇരിക്കുന്നു; നിന്റെ സത്യത്തിൽ ഞാൻ നടന്നുമിരിക്കുന്നു" (സങ്കീ. 26:3).

**"ഭൂമിയിലെ സകലജാതികളും അറിയേണ്ടതിനു"**

റബ്ബി സെഡ്. വി. കുക്ക്

(ഏററ്റ്സ് യിസ്രായേലിലെ പരേതനായ അബ്രഹാം യിസ്ഹാക്ക് കുക്കിന്റെ പുത്രൻ; യോശു. 4:24)

A. ഈ ദേശം മുഴുവനും നമ്മുടേതാണ്, നമുക്കെല്ലാവർക്കും അവകാശപ്പെട്ടതാണ്: അതിന്റെ ഒരു ഭാഗം പോലും മറ്റുള്ള ആർക്കും കൈമാറ്റം ചെയ്യുവാനാകില്ല. "ഞങ്ങളുടെ പൂർവ്വപിതാക്കന്മാരിൽ നിന്നും ഞങ്ങൾക്കു കൈമാറി കിട്ടിയ സ്വത്താണ് അത്" (Talmud, Tractate Avoda Zara 53, b) ഓരോ തലമുറയോളവും പരമാധികാരം വ്യാപിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ വചനത്താൽ ഉറപ്പിച്ചു വരുന്നതുമായ ഒരു സ്വത്താണ്.

ഞങ്ങളുടെ പിതാവായ യാക്കോബിനോട്: "ഞാൻ... ദേശം നിനക്കു തരും; നിന്റെ ശേഷം നിന്റെ സന്തതിക്കും ഈ ദേശം കൊടുക്കും" (ഉല്പ. 35:12).

യിസ്രായേൽ മക്കളോട്: "അതു നിങ്ങൾക്ക് അവകാശമായിത്തരും"; "അവർ അതിനെ എന്നേക്കും അവകാശമായി പ്രാപിക്കയും ചെയ്യും" (പുറ. 6:8; 32:13).

ആയതിനാൽ ഞങ്ങളുടെ അതിരിനുള്ളിൽ അറബികളുടെ ഭൂപ്രദേശങ്ങളോ അറബി ദേശങ്ങളോ ഇല്ലാ എന്നും ഞങ്ങളുടെ പൂർവ്വ പിതാക്കന്മാരുടെ നിത്യാവകാശമായ യിസ്രായേൽ ദേശം മാത്രമേ ഉള്ളൂ എന്നും ഉള്ളത് വ്യക്തവും വാസ്തവവുമാണ്. അവിടേക്കാണ് ഞങ്ങളുടെ അഭാവത്തിൽ മറ്റുള്ളവർ വന്നു കുടിയേറി പാർത്തത്. ഞങ്ങൾ ഒരിക്കലും ഞങ്ങളുടെ പൂർവ്വ പിതാക്കന്മാരുടെ സ്വത്തിനെ ഉപേക്ഷിക്കുകയോ അതുമായുള്ള ബന്ധം വിച്ഛേദിക്കുകയോ ചെയ്തിട്ടില്ല.

അതിനോടുള്ള ഞങ്ങളുടെ അവബോധത്തിന്റെ സകല ബന്ധങ്ങളെയും ഞങ്ങൾ പുലർത്തി അതിനെ മറ്റുള്ളവർ വളരെ ക്രൂരവും അനിയന്ത്രിതവുമായി കൈവശപ്പെടുത്തുന്നതിനെതിരെയുള്ള ഞങ്ങളുടെ പ്രബലമായ എതിർപ്പിനെ ബലപ്പെടുത്തുന്നത് ഞങ്ങൾ തുടരുന്നു. അതുപോലെ അതിൽ നിന്നുള്ള ഒരു മോചനവും ഞങ്ങളോടു കൽപ്പിച്ചിരിക്കുന്നു. ആയതിനാൽ ഞങ്ങൾ ഒരിക്കലും അതിനോടുള്ള ബന്ധങ്ങൾ ഉപേക്ഷിക്കുകയോ വേർപ്പെടുത്തുകയോ ചെയ്യില്ല. കൂടാതെ അറബികളുടെ വായ്മൊഴിയിലും, പുരാവൃത്താന്തങ്ങളിലും, അവരുടെ ഖുറാനിലും ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ മാതൃദേശത്തേക്കു അവസാന നാളുകളിൽ മടങ്ങിവരും എന്നു പറയുന്നു. ഇത് ഒന്നാം ലോകമഹായുദ്ധത്തിന്റെ പരിസമാപ്തിയിൽ നടന്ന ലീഗ് ഓഫ് നേഷൻസിന്റെ പ്രവർത്തനങ്ങളിലൂടെയും, ബൈബിൾ പറയുന്ന അതേ അതിർത്തിയോടു കൂടെ ഈ ദേശം മുഴുവനും യിസ്രായേൽ ജനത്തിന്റെ അധികാരത്തിൽ വരേണ്ടതാണ് എന്നു ലോയ്ഡ് ജോർജിന്റെ പ്രസ്താവനയിലൂടെയും കുറച്ചുകൂടി ബലപ്പെട്ടിരിക്കുന്നു.

B. പൂർവ്വപിതാക്കന്മാരുടെ ദേശത്തേക്കു, ഞങ്ങളുടെ ജീവന്റെയും പരിശുദ്ധിയുടെയും ദേശത്തേക്കു ദിവ്യകൽപനയോടെ മടങ്ങിച്ചേരുവാനുള്ള "സമയം വന്നിരിക്കുന്നു" എന്നും (സങ്കീ. 102:14;13) ആ ദേശം ശൂന്യമായി കിടന്നപ്പോൾ ഞങ്ങൾക്ക് ദേശമൊന്നും ഇല്ലാതിരുന്നതിനാൽ അവിടെ കുടിയേറിപ്പാർത്ത അറബികളിൽ നിന്നും ഞങ്ങൾ ഒരു അധികാരവും മല്ലുപിടിച്ചു നേടിയിട്ടില്ല എന്നും "അന്ത്യത്തിൽ തെളിവാകും" (Talmud, Tractate Sanhedrin 98; Kuzari 5:27; Or Hayamim on ലേവ്യ. 25:25; Yeshuot Malko Yore Daya No. 66) – ആ ദേശത്തെ താത്ക്കാലികമായി ഭരിച്ച വിദേശ ഭരണകൂടത്തിന്റെ അഭാവത്തിൽ ലോകരാജ്യങ്ങളുടെ സമ്മതത്താലും തീരുമാനത്താലും ഈ ദേശത്തെ വീണ്ടും ഞങ്ങൾ സ്ഥാപിച്ചു.

അവരുടെ സാംസ്കാരിക പ്രബുദ്ധതയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ദേശവുമായുള്ള പരമാധികാര ബന്ധത്തിന്റെ നീതിയെ അവർ പരസ്യമായി അംഗീകരിച്ചു. കൂടാതെ എന്റെ പക്കലുള്ള ഒരു രേഖയിൽ അംഗീകരിച്ചിരിക്കുന്നതുപോലെ അറബ് ദേശവാസികളുടെ പക്കൽ നിന്നും ഞങ്ങൾ ഒരു ഭരണാധികാരങ്ങളും കൈക്കലാക്കിയിട്ടില്ല എന്ന എതിർപ്പില്ലാത്ത വസ്തുതയെ അവർ അറിയുകയും സമ്മതിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ രാജ്യത്തിന്റെയും രാജാക്കന്മാരുടെയും ദേശവും, ഞങ്ങളുടെ വിശുദ്ധ മന്ദിരത്തിന്റെ ഗോപുരവും, സകല മനുഷ്യരാശിയുടെയും മേലുള്ള ഞങ്ങളുടെ സ്വാധീനത്തിന്റെ കേന്ദ്രവും, ഞങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ പിതൃദേശത്തിലെ അറബികളുടെ അധിവാസത്തെ ഞങ്ങൾ ഒഴിപ്പിച്ചു വിട്ടിട്ടില്ല എന്നത് പൊതുവായ അറിവാണ്. മറിച്ച് അവർ സ്വന്ത സ്വീകാരത്താൽ വലുതാക്കി കാണിച്ച ഭയത്തിലോ സ്വയം സൃഷ്ടിച്ച സംശയത്താലോ മറ്റു രാ

ഷ്ട്രീയ ഉപായത്താലോ വളച്ചൊടിക്കുന്നതിനു വേണ്ടി "അഭയാർത്ഥി ക്യാമ്പുകളെ" ആരംഭിച്ച് ലോകമൊട്ടാകെ സഹതാപം നേടി അവരുടെ വാസസ്ഥലങ്ങളെ ഉപേക്ഷിച്ചു.

മറുവശത്ത് തന്റെ ആലയത്തിൽ നിന്നും തന്റെ ജനത്തിനു ശക്തിയും ഉൾക്കരുത്തും നൽകുന്ന കർത്താവിന്റെ അത്ഭുതങ്ങളിലൂടെ ഞങ്ങൾ പടുത്തുയർത്തുന്നതു തുടരുന്നു. ഞങ്ങളുടെ ദേശീയ സവിശേഷതയിൽ അന്തർലീനമായിരിക്കുന്ന നിത്യമായ മൂല്യങ്ങളെ വീണ്ടെടുക്കുന്നതിനും ദൈവത്തിന്റെ സാന്നിദ്ധ്യവും സീയോനിലെ യിസ്രായേലിന്റെ സാന്നിദ്ധ്യവും പുനഃസ്ഥാപിക്കുന്നതിനു വേണ്ടിയും നീതിയിലും ന്യായത്തിലും ഞങ്ങളുടെ തോറയെ, ഞങ്ങളുടെ വിശുദ്ധമായ അദ്ധ്വാനങ്ങളെ വീണ്ടും പണിത കർത്താവു വാഴ്ത്തപ്പെടട്ടെ.

"സൈന്യങ്ങളുടെ യഹോവ നമ്മോടു കൂടെയുണ്ട്; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു" (സങ്കീ. 46:12). "എന്നാൽ ഞങ്ങൾ നിന്നെ വിട്ടു പിൻമാറുകയില്ല; ഞങ്ങളെ ജീവിപ്പിക്കേണമേ, എന്നാൽ ഞങ്ങൾ നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കും. സൈന്യങ്ങളുടെ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപെടേണ്ടതിനു തിരുമുഖം പ്രകാശിപ്പിക്കേണമേ" (സങ്കീ. 80:19,20; BS'78, p. 46).

(The Jerusalem Post ൽ നിന്നും എബ്രായ ഭാഷയുടെ തർജ്ജമ)

ഈ വിഷയത്തിൽ ബ്രദർ ബർണാഡ് ഹെഡ്മാന്റെ ചില അഭിപ്രായങ്ങളെ പരിശോധിച്ചുകൊണ്ട് ഞങ്ങൾ ഈ പഠനം അവസാനിപ്പിക്കുന്നു. ഉല്പ. 15:18-21; പുറ. 23:30,31; ആവ. 1:7,8; 11:23,24 എന്നിവ സ്പഷ്ടമാക്കുന്നതുപോലെ അബ്രഹാമിനും ജനത്തിനും ആ ദേശത്തിന്റെ അവകാശം ദൈവം നൽകി. ഇത് "4 ആധാരങ്ങളിൽ" കൂടെക്കൂടെ പരാമർശിച്ചിരിക്കുന്നു. യിസ്രായേലിലെ ദാവീദ് രാജാവിന്റെ ഭരണത്തിന്റെയും യെരുശലേമിനെ അതിന്റെ തലസ്ഥാനമാക്കി വെച്ചതിന്റെയും 3000 ആണ്ട് വാർഷികത്തിന്റെ ഈ സമയത്ത് അദ്ദേഹത്തിന്റെ ഭരണത്തിലെ ചില സവിശേഷതകളുമായി ഇപ്പോഴത്തെ ഭരണത്തെ താരതമ്യപ്പെടുത്തുന്നതിലേക്കു ഞങ്ങൾ ശ്രദ്ധ ക്ഷണിക്കുന്നു.

മതപരമായ അവസ്ഥയുടെ സവിശേഷതകളെ മാറ്റി നിർത്തിയാൽ ദാവീദിന്റെ രാജത്വത്തിന്റെ മാതൃകയിലേക്കുള്ള നാടകീയമായ ഗതിമാറ്റം എന്നത് യിസ്രായേലിനു എന്തായിരുന്നു എന്നും, നിരവധി യഹൂദന്മാർക്ക് ഒരു സ്വപ്നമായി മാത്രം നിലനിന്നത് എന്തായിരുന്നു എന്നും മനസിലാക്കാം. ചുവടെ പറയുന്നവ അതിൽ ഉൾപ്പെടുന്നു.

1. ദാവീദിന്റെ നേതൃത്വത്തിൻ കീഴിൽ ഏകീകരിക്കപ്പെട്ട ശക്തിയാർന്ന യിസ്രായേൽ ദേശീയ സംഘടന

2. രാജ്യത്തിന്റെ രാഷ്ട്രീയപരവും, മതപരവുമായ കേന്ദ്രമായ യെരുശലേം ("സീയോൻ" എന്നായിരുന്നു ആ മുഴു ദശത്തിനും പിന്നീടു നൽകിയ പേര്)

3. വളരെ മികച്ച രീതിയിൽ പ്രവർത്തിച്ച ഭരണക്രമവും ഒരു ശക്തിയാർന്ന സേനയും, രാഷ്ട്രത്തിലേക്കു സംയോജിപ്പിക്കപ്പെട്ട പുരോഹിതന്മാരും ലേവ്യരും

4. ഒരു മഹാസാമ്രാജ്യത്തിന്റെ സുരക്ഷിതമായ അതിരുകൾക്കകത്തുള്ള ദേശീയ ഐക്യം

ദേശീയ നായകനും, കവിയുമായ, സങ്കീർത്തനങ്ങളുടെ രചയിതാവെന്നു വിശ്വസിക്കുന്ന ദാവീദ് രാജാവ് ബാബിലോണിന്റെ പിടിച്ചടക്കൽ വരെ 400 വർഷത്തോളം നീണ്ടുനിന്ന രാജവംശത്തെ സ്ഥാപിച്ചു. അദ്ദേഹം തെക്കു, വടക്കു ഗോത്രങ്ങളെ കൂട്ടിച്ചേർക്കുകയും യെരുശലേമിനെ തലസ്ഥാനമാക്കി വയ്ക്കുകയും, ഫെലിസ്ത്യരെ പിടിച്ചടക്കി, വിവിധ ഗോത്രങ്ങളുടെ കീഴിലുണ്ടായിരുന്ന ഭൂപ്രദേശങ്ങളെ ഒന്നിച്ചാക്കുകയും ചെയ്തു. യിസ്രായേല്യരെ ഒരു മുഖ്യ പ്രാദേശിക ശക്തിയാക്കി മാറ്റുന്നതിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം സാമ്രാജ്യത്വ മിസ്രയീമിന്റെയും മെസപ്പൊത്തോമിയയുടെയും വീഴ്ചയിൽ തീവ്രമായി.

ഫ്രാത്ത് നദി മുതൽ മിസ്രയീം വരെ വിപുലമായ ശക്തിയുള്ള കേന്ദ്രഭരണത്തിന്റെയും സമാധാനത്തിന്റെയും സാമ്രാജ്യം ദാവീദ് പുത്രനായ ശലോമോന് അനന്തരാവകാശമായി ലഭിച്ചു. മഹാനായ നിയമദാതാവായ ശലോമോന്റെ ജ്ഞാനം അനേകം ദേശങ്ങളിൽ പ്രസിദ്ധമായി. സദൃശ്യവാക്യങ്ങൾ എന്ന പുസ്തകം അദ്ദേഹത്തിന്റെ രചനയാണെന്നു വിശ്വസിച്ചു പോരുന്നു. യെരുശലേമിൽ ആദ്യത്തെ ദേവാലയവും കൊട്ടാരങ്ങളും അദ്ദേഹം പടുത്തുയർത്തി. അദ്ദേഹം യിസ്രായേലിനെ വലിയ വാണിജ്യശക്തിയായി ഉയർത്തുകയും ശക്തിയുള്ള പട്ടണങ്ങളെ പടുത്തുയർത്തുകയും ചെയ്തു. ചെങ്കടലിന്റെ തീരത്തുള്ള ഹെയ്സർ, മെഗിദോ, ഗീസർ, എറ്റ്സിയോൻ ഗെബർ (ഐലാത്) എല്ലാം ഇതിനു ഉദാഹരണങ്ങളാണ്. അദ്ദേഹത്തിന്റെ രാജകീയ വാഴ്ചക്കു കീഴിൽ സാഹിത്യവും സമൃദ്ധിയായി വളർന്നു.

# ഉപദേശിക്കുവാൻ മൂപ്പന്മാർക്കു വേണ്ട യോഗ്യതകൾ

## ELDERS' QUALIFICATION FOR TEACHING

**"ഒരുവൻ അധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു. എന്നുള്ളത് വിശ്വാസയോഗ്യം ആകുന്നു" (1 തിമൊ. 3:1)**

ഒരുവൻ അധ്യക്ഷ [മേൽനോട്ടക്കാരന്റെ] സ്ഥാനം [ശുശ്രൂഷ] കാംക്ഷിക്കുന്നു എങ്കിൽ അവൻ നല്ലവേല [കർത്താവിന്റെ ജനത്തിനു ചെയ്യുന്ന ഏതു ശുശ്രൂഷയും അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷയാണ്] ആഗ്രഹിക്കുന്നു. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി [നല്ല സ്വഭാവമുള്ളവൻ] ഏക ഭാര്യയുടെ ഭർത്താവും [വിവാഹം ചെയ്ത വ്യക്തി ആകണമെന്നു നിർബന്ധമില്ല; എന്തെന്നാൽ നമ്മുടെ കർത്താവും അപ്പൊസ്തലനും അവിവാഹിത നില ഉത്തമമെന്നു ശുപാർശ ചെയ്യുന്നു (മത്താ. 19:12; 1 കൊരി. 7:7,8,32,33,38); എന്നാൽ അവനു ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടാവാൻ പാടില്ല], നിർമദനും, ജിതേന്ദ്രിയനും, സുശീലനും, അതിഥിപ്രിയനും, ഉപദേശിപ്പാൻ സമർത്ഥനും [യോഗ്യനും] ആയിരിക്കേണം. മദ്യപ്രിയനും തല്ലുകാരനും അരുത്. ശാന്തനും കലഹിക്കാത്തവനും, ദ്രവ്യാഗ്രഹമില്ലാത്തവനും, സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും, മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കേണം; (എന്തുകൊണ്ടെന്നാൽ സ്വന്തകുടുംബത്തെ ഭരിക്കാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും? (1 തിമൊ. 3:1-5 ഡയഗ്ലോട്ട്).

സഭയുടെ ഈ ശുശ്രൂഷകന്മാർ സഭയെ ഭരിക്കണം – അതായത് അതിനുവേണ്ടി ചില ചട്ടങ്ങൾ നിർമ്മിച്ച് അവരുടെ സ്വന്ത ഇഷ്ടത്തിനു വിധേയപ്പെടുത്തണമെന്നല്ല – മറിച്ച് സ്നേഹാർദ്രമായ താത്പര്യത്തോടെ അതിന്റെ താത്പര്യങ്ങളെയും വിഷയങ്ങളെയും പരിശോധിച്ച് അതിന്റെ മേൽനോട്ടം നടത്തി ശുശ്രൂഷിച്ച്, ദൈവത്തിന്റെ വിശ്വസ്തരായ ശുശ്രൂഷകന്മാരായി ഉപദേശിക്കുകയും സഹായിക്കുകയും വേണം. ദൈവത്തിനു കീഴിൽ സഭയ്ക്ക് ആവശ്യമായ ഏക കർത്താവ് നമ്മുടെ കർത്താവായ യേശു മാത്രമാണ്. ഒരു സുന്നഹദോസുകൾക്കോ, ഉപദേശക സമിതിക്കോ, പുരോഹിതവർഗ്ഗത്തിനോ, മൂപ്പന്മാർക്കോ ഏക കർത്താവും തലയുമായവന്റെ വിശേഷാധികാരങ്ങളെ ഏറ്റെടുക്കുവാൻ അധികാരമില്ല.

സഭയിലെ സഹോദരങ്ങൾക്കു ഉപദേശിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യാം. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ അവൻ സ്വന്ത അഭിപ്രായങ്ങൾക്കു അനുസൃതമായി അല്ല ദൈവവചനത്തിനു അനുസൃതമായിട്ടായിരിക്കണം സംസാരിക്കേണ്ടത് – "ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ. ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്നപോലെയും... ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ" (1 പത്രൊ. 4:10,11). എല്ലാവരും വ്യക്തിപരമായി വിധിക്കപ്പെടേണ്ടവരാകയാൽ ദൈവവചനത്തിന്റെയും ആത്മാവിന്റെയും പിൻബലം ഉണ്ടെങ്കിൽ മാത്രമേ അവരുടെ ഉപദേശങ്ങൾക്കു പ്രാധാന്യം ഉണ്ടാകുവാൻ പാടുള്ളു. എന്നാൽ അത്തരം ഉപദേശങ്ങൾ നടത്തുമ്പോൾ ദൈവവചനത്തിൽ പണിയപ്പെട്ട് അതിന്റെ കൽപ്പനകളുടെയും, നിയമങ്ങളുടെയും ശ്രദ്ധ വിളിച്ചു വരുത്തുന്നവ ആണെങ്കിൽ മാത്രമേ, സൗമ്യതയുടെ ആത്മാവിൽ എല്ലാവരുടെയും ശ്രദ്ധാപൂർവ്വമായ പരിഗണനയെ വിളിച്ചു വരുത്തുകയുള്ളു. എന്നാൽ ഹൃദയത്തിന്റെ അഹങ്കാരത്തിൽ നിർദ്ദേശങ്ങൾക്കു ശ്രദ്ധ കൊടുക്കുവാനായി ദൈവം തിരഞ്ഞെടുത്ത മാനുഷിക പാത്രങ്ങളെ അനാദരിക്കുകയോ അൽപം മാത്രം ബഹുമാനം നൽകുകയോ ചെയ്തുകൊണ്ട് ആ നിർദ്ദേശങ്ങളെ നിന്ദിച്ചാൽ എതിർപ്പ് യഥാർത്ഥത്തിൽ കർത്താവിനോടും അവിടുത്തെ വഴികളോടും ആയിരിക്കും.

ഈ കാരണത്താലാണ് അപ്പൊസ്തലൻ നമ്മെ ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നത് "ആരും ദൈവകൃപ വിട്ടു പിന്മാറുകയും ആരും ദുർന്നടപ്പുകാരനോ... ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ" (എബ്രാ. 12:15): എന്തുകൊണ്ടെന്നാൽ സഭയ്ക്കുള്ള ദൈവത്തിന്റെ കൃപ (അനുഗ്രഹങ്ങൾ) വരുന്നത് അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ട മാനുഷിക പാത്രങ്ങളിലൂടെയാണ്. ഒരുവൻ സ്പർദ്ധയാലോ, ആത്മ പ്രശംസയാലോ, മറ്റേതോ കാരണത്താലോ കർത്തൃജനത്തിന്റെ ആത്മവിശ്വാസത്തിനു കലക്ക

മുണ്ടാക്കി വല്ല കയ്പുള്ള വേരും ദൈവം സത്യത്തെ നൽകുവാനും സംരക്ഷിക്കുവാനും നിയമിച്ചിരിക്കുന്ന വരായ ശുശ്രൂഷകന്മാർക്ക് എതിരായി ഹൃദയത്തിൽ മുളപ്പിച്ചാൽ അവൻ അവർക്കുള്ള ദൈവകൃപയെ തടസ്സപ്പെടുത്തുന്നു. അതു അനേകരെ മലിനമാക്കുവാൻ കാരണമാകുന്നു. അത്തരം ഒരു വഴിയെ സഞ്ചരിക്കുന്നവർ ന്യായവിധിക്കായി കർത്താവിന്റെ കരങ്ങളിൽ ഇരിക്കുന്നു. അവരുടെ പ്രസ്താവനകൾ എന്തുതന്നെ ആയിരിക്കട്ടെ അവർ അടുത്തുതന്നെ അല്ലെങ്കിൽ പിന്നീട് ഈ ദോഷകരമായ പാത പിൻതുടരുന്നവരുടെ കൂടെ ഒന്നുമില്ലായ്മയിലേക്കു കൊണ്ടുവരപ്പെടും.

കർത്താവിനോടും, പരസ്പരവും, കൂട്ടത്തിന്റെ താത്പര്യങ്ങളോടും സത്യസന്ധത പുലർത്തുന്ന സഹോദരങ്ങൾ കർത്താവിന്റെ ഇഷ്ടത്തോടുള്ള അവരുടെ നിർണ്ണയത്തിൽ നിന്നും മാറിപ്പോയാൽ അവർ വിശ്വാസത്തിന്റെ കൂട്ടായ്മയിലേക്കു വേഗത്തിൽ തിരികെ വരുവാൻ സ്നേഹത്തിൽ വ്യത്യാസപ്പെട്ടിരിക്കുകയും, സത്യത്തിനു അവരെ അയോഗ്യരാക്കി മാറ്റുന്ന എല്ലാ സ്വഭാവങ്ങളിൽ നിന്നും അവരുടെ ഹൃദയങ്ങളെ നിർമ്മലീകരിക്കുവാനും പ്രാർത്ഥനയോടും, ശ്രദ്ധാപൂർവ്വമായ പഠനത്തോടും, ആത്മാർത്ഥമായ പരിശ്രമത്തോടും കൂടെ പ്രയത്നിക്കണം. “നമ്മിൽ തികഞ്ഞവരൊക്കെയും [ഹൃദയത്തിലും ഇച്ഛയിലും] ഇങ്ങനെ ചിന്തിച്ചുകൊൾക; വല്ലതിലും നിങ്ങൾ വേറെ വിധമായി ചിന്തിച്ചാൽ ദൈവം അതും നിങ്ങൾക്കു വെളിപ്പെടുത്തി തരും. എന്നാൽ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം തന്നെ അനുസരിച്ചു നടക്കുക” (ഫിലി. 3:15,16).

### ശുശ്രൂഷകന്മാരുടെ യോഗ്യതകൾ

“അവ്വണ്ണം ശുശ്രൂഷകന്മാർ [ഡീക്കന്മാർ] ഘനശാലികൾ ആയിരിക്കണം; ഇരുവാക്കുകാരും മദ്യപന്മാരും ദുർലാഭമോഹികളും അരുത്. അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനഃസാക്ഷിയിൽ വച്ചുകൊള്ളുന്നവർ ആയിരിക്കേണം. അവരെ ആദ്യം പരീക്ഷിക്കേണം; അനിന്ദ്യരായി കണ്ടാൽ അവർ ശുശ്രൂഷ ഏൽക്കട്ടെ. അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമദമാരും എല്ലാറ്റിലും വിശ്വസ്തരും ആയിരിക്കേണം. ശുശ്രൂഷകന്മാർ [ഡീക്കന്മാർ] ഏകഭാര്യയുള്ള ഭർത്താക്കന്മാരും മക്കളെയും സ്വന്തകുടുംബങ്ങളെയും നന്നായി ഭരിക്കുന്നവരും ആയിരിക്കേണം” (1 തിമൊ. 3:8-12 Diaglott).

തീത്തൊസിനുള്ള ലേഖനത്തിൽ അപ്പൊ. പൗലൊസ് ഈ യോഗ്യതകളോടുകൂടെ താഴെപ്പറയുന്നവ കൂട്ടിച്ചേർക്കുന്നു: “പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിനു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെപിടിക്കുന്നവനും ആയിരിക്കേണം. വൃഥാവാചാലന്മാരും മനോവഞ്ചകന്മാരുമായി വഴങ്ങാത്തവരായ പലരും ഉണ്ടല്ലോ... അവരുടെ വായ് അടക്കേണ്ടതാകുന്നു”.

കൂട്ടത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അവരുടെ തിരഞ്ഞെടുക്കപ്പെട്ട മൂപ്പന്മാരിൽ ഈ യോഗ്യതകൾ കാണേണ്ടത് എത്ര അനിവാര്യമാണ്! സമർപ്പണം ചെയ്ത് അതിനോടുള്ള യോജിപ്പിൽ ഇരിക്കുന്നവരും “വിശ്വാസത്തിൽ ആരോഗ്യമുള്ളവരും” “വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവരും” ആയിരിക്കണം ഈ തിരഞ്ഞെടുക്കപ്പെടുന്നവർ എന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ് (തീത്തൊ. 1:13;1:9). മാനുഷിക അനുമാനങ്ങളെയും വൃഥാശാസ്ത്രത്തെയും കൈകാര്യം ചെയ്യുന്നവരെ അവർ ശ്രദ്ധയോടെ ഒഴിഞ്ഞു നിൽക്കണം. വിശ്വാസം എന്താണെന്നും തങ്ങളുടെ മൂപ്പന്മാരുടെ വിശ്വാസത്തിന്റെ ഭദ്രതയെ ന്യായംവിധിപ്പാനും സ്പഷ്ടമായി അറിഞ്ഞിരിക്കണമെന്നും ഈ താക്കീത് സൂചിപ്പിക്കുന്നു. “ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും നാം ഒഴിഞ്ഞു നിൽക്കണം” (1 തിമൊ. 6:20).

ജഡത്തിൽ പൂർണ്ണരും അപ്പൊസ്തലനായ പൗലൊസ് സ്ഥാപിച്ച എല്ലാ യോഗ്യതകൾക്കും യോജ്യമായി മുഴു പൂർണ്ണതയോടെ ജീവിക്കുന്ന മൂപ്പന്മാരെ അഥവാ ശുശ്രൂഷകന്മാരെ കൂട്ടായ്മ പ്രതീക്ഷിക്കുവാൻ പാടില്ല, കൂടാതെ ആട്ടിൻകൂട്ടത്തിന്റെ ഈ ശുശ്രൂഷകന്മാർ പൂർണ്ണമായി കാര്യങ്ങൾ ചെയ്യുന്നതിലുള്ള തങ്ങളുടെ പ്രാപ്തിക്കുറവിനാലോ വിമർശനങ്ങളാലോ നിരുത്സാഹപ്പെടുവാനോ ശുശ്രൂഷ ചെയ്യുവാനുള്ള അവസരത്തെ നിരസിക്കുവാനോ പാടുള്ളതല്ല. ഒരു മാതൃകാപരമായ മൂപ്പൻ അഥവാ ശുശ്രൂഷകൻ എങ്ങനെ ആയിരിക്കണമെന്നു അപ്പൊസ്തലൻ പ്രസ്താവിക്കുന്നുണ്ട്. കൂട്ടായ്മയിലെ ഓരോ വോട്ടർമാരും കർത്താവിന്റെ ഇഷ്ടത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഈ ആദർശം അവരുടെ മനസിൽ ഉണ്ടായിരിക്കണം. ലഭ്യമായ സഹോദരങ്ങളിൽ ഗൗരവാവഹമായ കളങ്കങ്ങൾ കാണുന്ന പക്ഷം മാത്രമേ ഒരു മൂപ്പനില്ലാതെ ആ കൂട്ടത്തെ ദൈവം നിർത്തുകയുള്ളു. അല്ലാത്ത

പക്ഷം ഒരു മൂപ്പൻ ഇല്ലാതെ ഒരു കൂട്ടത്തെ ദൈവം വിട്ടുകളയുകയില്ല.

"ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ" (മത്താ. 5:48) എന്നു കർത്താവു പറഞ്ഞപ്പോൾ അവിടുന്ന് ഒരു മാതൃക നമുക്കു മുൻപിൽ വച്ചു തരികയാണ് ചെയ്തത്. ദൈവം പൂർണ്ണനായിരിക്കുന്നു എന്ന അർത്ഥത്തിൽ വേറെ ആരാണ് പൂർണ്ണനായിട്ടുള്ളത്? "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല" (റോമ. 3:10). നാം നമ്മെ ഒരിക്കലും ഒരു താഴ്ന്ന മാതൃകയോടു താരതമ്യപ്പെടുത്തരുതെന്നും, പൂർണ്ണമായ മാതൃകയോടു താരതമ്യം ചെയ്യണമെന്നും, അങ്ങനെ നാം നമ്മെത്തന്നെ ശ്രേഷ്ഠമായ പൂർണ്ണതയോളം നമ്മുടെ ജീവിതത്തിനും സ്വഭാവങ്ങൾക്കും ഒത്തുകൊണ്ടും, മൂപ്പന്മാരും ശുശ്രൂഷകന്മാരും ആകുവാൻ തിരഞ്ഞെടുക്കപ്പെടുവാൻ തക്ക അളവിൽ നമ്മെ ഉയർത്തുകയും അങ്ങനെ "ആട്ടിൻകൂട്ടത്തിനു മാതൃകകളായി" തീരുകയും വേണം (1 പത്രൊ. 3:3). ഇതിലേക്കു എത്തുന്നതു വരെ ദൈവം നമ്മെ നയിക്കട്ടെ!

## ക്രമീകരണം ഇന്നും അനിവാര്യമാണ്

ക്രമീകരണത്തിന്റെ ഭാഗമായി (1 കൊരി. 14:40) മൂപ്പന്മാരുടെയും ശുശ്രൂഷകന്മാരുടെയും തിരഞ്ഞെടുപ്പുകൾ പുരാതന സഭയുടെ ആത്മീയ അഭിവൃദ്ധിക്ക് അനിവാര്യമായ ഒന്നായാണ് കണക്കാക്കിയിരുന്നത്. ആയതിനാൽ ഒരു കൂട്ടായ്മ ഉണ്ടായിരുന്ന സ്ഥലങ്ങളിലെല്ലാം ഈ നിയമത്തിനു വ്യത്യാസങ്ങളൊന്നും ഇല്ലാത്ത വിധം ആധികാരികമായി കൽപ്പിക്കപ്പെടുകയും സാർവ്വത്രികമായി അംഗീകരിക്കപ്പെടുകയും ചെയ്തു. അങ്ങനെ മൂപ്പന്മാരുടെയും, ശ്രുശ്രൂഷകന്മാരുടെയും തിരഞ്ഞെടുപ്പിന്റെ അതേ അനിവാര്യതയിൽ ഇന്നും കൂട്ടായ്മകളിൽ നിലനിൽക്കണമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. താഴെപ്പറഞ്ഞിരിക്കുന്ന കാരണങ്ങൾ ശ്രദ്ധിക്കാം:

(1) എന്തുകൊണ്ടെന്നാൽ ഒരു കുടുംബത്തിലെന്നപോലെ സഭയിലും വളർച്ചയുടെ വ്യത്യസ്തമായ പടികൾ ഉണ്ട്. ചിലർ ആത്മീയമായി ശിശുക്കളാണ്, അവർക്ക് വചനത്തിന്റെ മായമില്ലാത്ത പാൽ ആവശ്യമാണ്. അതേസമയം മറ്റു ചിലർക്ക് കട്ടിയായ ആഹാരം വേണം (എബ്രാ. 5:12-14); ആയതിനാൽ "ഉപദേശിക്കുവാൻ പ്രാപ്തരായ" ഒരുവൻ അത് നിറവേറ്റുവാൻ സ്ഥാനത്ത് ഉണ്ടായിരിക്കുന്നത് നല്ലതാണ്. കൂടാതെ എല്ലാവർക്കും ഒരുപോലെ നേരിടുവാൻ കഴിയാത്തതായ വിവിധ പ്രലോഭനങ്ങളും, പരിശോധനകളും, പ്രയാസങ്ങളും, അപകടങ്ങളും ഉണ്ട്. അങ്ങനെ, തയ്യാറായിട്ടുള്ള, അറിവുള്ള, വിവേകമുള്ള മേൽനോട്ടക്കാരെ, കഴിവുള്ള വ്യക്തികളെ, സകലരുടെയും ആത്മീയ ക്ഷേമത്തിനായി പരിശ്രമിക്കുവാൻ വളരെ താത്പര്യമുള്ളവരെ, സത്യത്തിൽ ഉപദേശിക്കുവാൻ കഴിവുള്ളവരെ ഉപയോഗിക്കുന്നത് അനിവാര്യമാകുന്നു.

(2) എന്തുകൊണ്ടെന്നാൽ പുരാതന സഭയിൽ ഉണ്ടായിരുന്നതുപോലെ അന്നുമുതൽ "നാശകരമായ മതഭേദങ്ങളെ നുഴയിക്കുന്ന" "ആട്ടിൻതോൽ അണിഞ്ഞ ചെന്നായ്ക്കൾ" ഉണ്ടായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട മൂപ്പൻ അഥവാ മൂപ്പന്മാർ തങ്ങളുടെ ആട്ടിൻകൂട്ടത്തെ അവരിൽ നിന്നു സംരക്ഷിക്കുവാൻ കഴിവുള്ളവരും ഈ കൂട്ടത്തെ സത്യത്തിന്റെ ജ്ഞാനത്തിലേക്കു നയിച്ചുകൊണ്ട് സായുധരാക്കുവാൻ കഴിവുള്ളവരും ആയിരിക്കേണം. വീണ്ടും അപ്പൊസ്തലൻ നമുക്കു മുന്നറിയിപ്പു നൽകിയിരിക്കുന്നു "ശിക്ഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളയുവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും". ഈ വിശ്വസ്തരായ മൂപ്പന്മാർ അത്തരം സ്വാധീനങ്ങളെ വേഗത്തിൽ മനസ്സിലാക്കുന്നവരും കണിശതയോടെ താക്കീതു നൽകുവാൻ ഒരുക്കമുള്ളവരും ആട്ടിൻകൂട്ടത്തെ അത്തരം സ്വാധീനങ്ങളിൽ നിന്നും കാക്കുന്നവരും ആയിരിക്കും (അപ്പൊ. 20:28-30; തീത്തൊ. 1:10,11; 2 പത്രൊ. 2:1-3).

(3) എന്തുകൊണ്ടെന്നാൽ അപ്പൊസ്തലന്മാർ ആജ്ഞാപിച്ചിരിക്കുന്നതു പോലെ സഭയിൽ കരങ്ങളുയർത്തിക്കൊണ്ട് വോട്ടു രേഖപ്പെടുത്തി നിയമപരവും ക്രമപ്രകാരവുമായ രീതിയിൽ തിരഞ്ഞെടുപ്പു നടത്തിയില്ലായെങ്കിൽ ചിലർ മേൽനോട്ടം കൈക്കലാക്കി വർഷങ്ങളോളം തിരഞ്ഞെടുക്കപ്പെടാതെ ആ അധികാരത്തെ പിടിച്ചു വയ്ക്കുന്ന അവസ്ഥ ഉണ്ടാകും. അറിയാതെ മുഴു കൂട്ടവും ആ വ്യക്തിയുടെ ബന്ധനത്തിൻ കീഴിൽ ആവുകയും ചെയ്യും. അങ്ങനെയുള്ള ഒരുവൻ ചിലപ്പോൾ അധികാരം കൈയ്യടക്കുന്നവനും ദൈവത്തിന്റെ ആലയത്തിൽ കർത്തൃത്വം നടത്തുന്ന പൊരുളിലെ ബാൽ ആരാധനകൻ ആകാം അഥവാ ആയിത്തീരാം (1 പത്രൊ. 5:3). അങ്ങനെ അറിഞ്ഞോ അറിയാതെയോ സാത്താനു സംഭവിച്ച കാര്യത്തിലേക്കു – അതായത് അധികാര ദുർമോഹത്തിലേക്കു (യെശ. 14:13,14) എത്തിച്ചേരാം. അത്തരം നേതാക്ക

ന്മാരെ പക്ഷം ചേർന്നു പിൻതുണയ്ക്കുന്നവർ, അവരെ ബഹുമാനിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ പൊരുളിൽ ബാലിനെ ചുംബിക്കുന്നവരുമാകുന്നു (E 4, pp. 290, 291).

ഒരു പ്രാദേശിക കൂട്ടായ്മയിൽ ശുശ്രൂഷക്കാരുടെ തിരഞ്ഞെടുപ്പ് യഥാക്രമം ഏർപ്പെടുത്തുകയും നടത്തുകയും ചെയ്യില്ലായെങ്കിൽ അതിന്റെ ക്ഷേമത്തിനു ഏറ്റവും ഉത്സുകരായവരേയും, സഭയുടെ ശുശ്രൂഷയ്ക്കായി ചിലവഴിക്കുവാൻ ആഗ്രഹിക്കുന്നവരേയും, ചിലവഴിക്കുന്നവരേയും ചില സമയങ്ങളിൽ ഏറ്റവും വിഷമസന്ധിയിൽ എത്തിച്ചേക്കാം. സത്യത്തോടുള്ള വിശ്വസ്തത പലപ്പോഴും ഭിന്നിപ്പിനു കാരണമാകും. ഈ വിശ്വസ്തതയെ ഇഷ്ടപ്പെടാത്തവർ വിശ്വസ്തരായവരുടെ ശുശ്രൂഷ ആവശ്യമില്ലെന്നു ശക്തമായി പ്രസ്താവിക്കും. എന്നാൽ എല്ലാവരുടെയും വികാരം ഇതായിരിക്കില്ല, കൂട്ടത്തിൽ ഭൂരിപക്ഷത്തിന്റെ പോലും വികാരം ഇതായിരിക്കില്ല. അങ്ങനെ തിരഞ്ഞെടുപ്പു കൂടാതെ വരുമ്പോൾ, വിശ്വസ്തനായവന്, വിശ്വസ്തരായവർക്കു കൈകൾ ഉയർത്തിയുള്ള പൂർണ്ണപ്രകടനത്തിനു നൽകാനാകുന്ന പിൻതുണ കുറയുകയും, വിശ്വസ്തനായ നേതാവ് ഒറ്റയ്ക്കു ആട്ടിൻകൂട്ടത്തിനു വേണ്ടി പോർ പൊരുതേണ്ടതായും അല്ലെങ്കിൽ പ്രതിയോഗിയുടെ കരങ്ങളിൽ കാരുണ്യത്തിനായി വിട്ടുകൊടുക്കേണ്ടതായും വരും.

വ്യവസ്ഥാപിതമായ ക്രമീകരണങ്ങളൊന്നും അംഗീകരിക്കാതെയോ സഭയുടെ കർത്തവ്യങ്ങളും അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ചിന്തിക്കാതെയും ശരിയായി ക്രമീകരിക്കപ്പെടാതെയും ഏതെങ്കിലും പ്രദേശത്ത് കാര്യങ്ങൾ സുഗമമായി നടക്കുന്നു എന്നത് ഒരു വസ്തുതയായിരിക്കുമ്പോൾ തന്നെയും അവ എല്ലായ്പ്പോഴും അങ്ങനെതന്നെ പ്രവർത്തിക്കുമെന്നു ഉറപ്പില്ല. തക്കം പാർത്തിരിക്കുന്ന നമ്മുടെ പ്രതിയോഗി ജാഗരണമില്ലാത്ത സ്ഥലത്തെയോ തത്ത്വത്തെയോ അനുകൂല സന്ദർഭം നോക്കി കൂട്ടം മുഴുവനെയോ അതിലെ അംഗങ്ങളെ വ്യക്തിപരമായോ മുതലെടുക്കും. പാസ്റ്റർ റസ്സൽ R 5698 ൽ ഇതിനെക്കുറിച്ചു പ്രയോജനകരമായ ഒരു പഠനം നടത്തിയിരുന്നു. "സൗമ്യത ക്രിസ്തുവിന്റെ ഒരു സ്വഭാവവിശേഷം".


# ബൈബിൾ ചോദ്യം – തടഞ്ഞു വയ്ക്കൽ ആവശ്യമാണോ?
## BIBLE QUESTION – EMBARGO NEEDED?

ചോദ്യം: യുഗങ്ങളുടെ ഇടയിൽ സമർപ്പിതരായവരുടെ നിലനിൽപ്പിനു യേശുവിന്റെ മറുവില പുണ്യത്തിന്റെ തടഞ്ഞുവയ്ക്കൽ ആവശ്യമാണോ?

ഉത്തരം: ഇല്ല. യുഗങ്ങളുടെ ഇടയിൽ സമർപ്പിതരായവർക്കു ക്രിസ്തുവിന്റെ പുണ്യത്തിന്റെ തടഞ്ഞുവയ്ക്കൽ ആവശ്യമില്ല എന്നു മാത്രമല്ല, യുവവീരന്മാരെല്ലാവരും മരിച്ചു മൺമറഞ്ഞു പോകുന്നതുവരെ ദൈവം ലോകത്തിനുമേൽ ആ പുണ്യം പ്രയോഗിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല (E. 15, p. 252). പുരാതന വീരന്മാർക്ക് പുണ്യത്തിന്റെ യാതൊരു തടഞ്ഞുവയ്ക്കലും ആവശ്യമായിരുന്നില്ല എന്ന വസ്തുത അവരുടെ നിലനിൽപ്പിനെ അസാദ്ധ്യമാക്കിയതുപോലെ എപ്പിഫനി പാളയ സമർപ്പിതർക്ക് യേശുവിന്റെ പുണ്യത്തിന്റെ തടഞ്ഞുവയ്ക്കൽ എന്ന വസ്തുത ഒരിക്കലും അവരുടെ ഇപ്പോഴത്തെ നിലനിൽപ്പിനെ അസാദ്ധ്യമാക്കുന്നില്ല. പുരാതന വീരന്മാർക്ക് അവരുടെ വിശ്വാസം നീതിയായി കണക്കിടപ്പെട്ടു (റോമ. 4:3). കൂടാതെ അവരുടെ നീതീകരണം (സുവിശേഷയുഗ പുതിയ സൃഷ്ടികളുടേതു പോലെ ജീവൽപരമായിരുന്നില്ല, പരീക്ഷാർത്ഥമായിരുന്നു.

യുവവീരന്മാർക്കും ഇതേ നിയമം തന്നെയാണ് നിലനിൽക്കുന്നത്! അവരുടെ അസ്തിത്വത്തെ ഇത് തടസ്സപ്പെടുത്തിയിരുന്നില്ല, തടസ്സപ്പെടുത്തുന്നതുമില്ല. എന്തുകൊണ്ടെന്നാൽ അവർക്കു ജീവൽപര നീതീകരണം ഉണ്ടായിരുന്നില്ല. തത്ഫലമായി പുണ്യത്തിനു അവർക്കു തടഞ്ഞുവയ്ക്കൽ ആവശ്യമായിരുന്നില്ല. പുരാതന വീരന്മാരും യുവവീരന്മാരും വിവിധ സമയങ്ങളിൽ നിലനിൽക്കുന്നു എങ്കിലും, ഇരുകൂട്ടരും താത്ക്കാലിക നീതീകരണം ഉള്ളവരും മറുവില പുണ്യത്തിന്റെ ഭാവിയിലെ പ്രയോജനത്തിനായി ദൈവമുൻപിൽ നിൽക്കുന്നവരുമാണെന്നു ബ്രദർ ജോൺസൻ E-4, pp 336-354 ൽ ചൂണ്ടിക്കാണിക്കുന്നു. ഈ നിലപാട് വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവരായ എപ്പിഫനി പാളയസമർപ്പിതർക്കും ബാധകമാണ്.

# ദൈവത്തിന്റെ മഹാവലിയ ശബ്ബത്ത് നാൾ
## GOD’S GREAT SABBATH DAY




**ദൈ**വം ഭൂമിയേയും അതിലുള്ളതിനെയും സൃഷ്ടിച്ചതിനു ശേഷം, തന്റെ മഹാസൃഷ്ടിവേലയുടെ ആഴ്ചക്കു ശേഷം വേല നിവർത്തിച്ച് വിശ്രമിച്ച്, അടുത്ത മഹാദിവസത്തിൽ ഒന്നും ചെയ്തില്ല എന്നാണ് ഈ വേദവാക്യം അർത്ഥമാക്കുന്നത് എന്നു ബൈബിൾ വിദ്യാർത്ഥികൾ മനസ്സിലാക്കുന്നില്ല. മറിച്ച് 7000 വർഷങ്ങൾ അടങ്ങുന്ന ആ സമയത്തിനുള്ളിൽ ഓരോ ആറ് സൃഷ്ടി ദിവസങ്ങളിലും യഥാക്രമം ദൈവം ആരംഭിച്ച ഈ ഭൗമിക ഗോളത്തിലെ വേല തന്റെ പദ്ധതിക്കനുസൃതമായി പൂർത്തിയാക്കുകയും അവയ്ക്കുവേണ്ടി താൻ സൃഷ്ടിച്ച ഭൂമിയുടെ രാജാവായ, ആദാമിന്റെ ചുമതലയിൻ കീഴിൽ ശേഷിക്കുന്നത് നിറവേറ്റുവാൻ ഏൽപ്പിക്കുകയും ചെയ്തു എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അനുഭവജ്ഞാനം ഇല്ലാത്തതിനാൽ മനുഷ്യൻ പാപം ചെയ്യുമെന്നു ദൈവത്തിനു നന്നായി അറിയാമായിരുന്നു. എന്നാൽ അവർ ചെയ്ത പാപത്തിൽ കുറച്ചുനാൾ അവരെ ഏൽപ്പിക്കണമെന്നു ദൈവം തീരുമാനിച്ചിരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, പാപം അവരെ വീഴ്ത്തുന്ന അധഃപതനത്തിൽ നിന്നും അവരെ കരകയറ്റുവാൻ ദൈവം ഇടപെടുന്നതുവരെ അല്ല, 6000 വർഷങ്ങൾക്കും അധികം ആദാമ്യവർഗ്ഗത്തിനു തുടർന്നുള്ള വേലകൾ ചെയ്തു കൊടുക്കാതെ ദൈവം വിശ്രമിച്ചു. താൻ ഏറ്റവും സംതൃപ്തിയോടെ വിശ്രമിച്ചു, എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ പാപമോചനത്തിനായുള്ള ദൈവിക വേല കർത്താവായ യേശുക്രിസ്തുവിലൂടെ മനുഷ്യന്റെ പരമോന്നതമായ നന്മയ്ക്കുവേണ്ടി ഉപകരിക്കും എന്നു ദൈവം അറിഞ്ഞിരുന്നു. അങ്ങനെ ദൈവം മനുഷ്യരാശിയെ സ്വഭാവ പരിപൂർണ്ണതയിലേക്ക് ഉയർത്തുന്നതിനും ആദാമിനു ഏദനിൽ നഷ്ടപ്പെട്ട എല്ലാറ്റിനെയും പുനഃസ്ഥാപിക്കുന്നതിനും വേണ്ടി പരിശോധിച്ച്, പരീക്ഷിച്ച് നിയോഗിച്ച ക്രിസ്തുവിന്റെ കരങ്ങളിൽ ദൈവം മനുഷ്യരാശിയെ ഏൽപ്പിച്ചു.

ലോകത്തിന്റെ അപൂർണ്ണതകളോ വർഗ്ഗത്തിലെ ഏതെങ്കിലും വ്യക്തിയുടെ അപൂർണ്ണതകളോ നീക്കം ചെയ്യുവാൻ ദൈവം ശ്രമിക്കുന്നില്ല എന്നുള്ളതിന്റെ ദൃഷ്ടാന്തമായി അബ്രഹാമിനോടുള്ള തന്റെ ഇടപെടലുകൾ തെളിയിക്കുന്നു. ദൈവം അബ്രഹാമിനു പ്രത്യക്ഷനായപ്പോൾ അദ്ദേഹത്തിന്റെ ശരീരത്തിലും മനസ്സിലുമുള്ള ഏതെങ്കിലും പാരമ്പര്യസിദ്ധമായ അപൂർണ്ണതകളിൽ നിന്നും അദ്ദേഹത്തെ മോചിപ്പിക്കാം എന്നു വാഗ്ദത്തം ചെയ്തിരുന്നോ? ഇല്ല, അബ്രഹാം എങ്ങനെ ആയിരുന്നുവോ അതുപോലെതന്നെ ദൈവം അദ്ദേഹത്തെ നിറുത്തി. എന്നാൽ അദ്ദേഹത്തിന്റെ സന്തതിമൂലം ഭാവി ദിവസത്തിൽ മനുഷ്യരാശിക്കായി എന്തോ നടപ്പിലാകുമെന്നു മാത്രം അദ്ദേഹത്തോടു പറഞ്ഞു – "നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 12:3; 22:18; 28:14). ഈ വാഗ്ദത്തം അബ്രഹാമിൽ എന്തെങ്കിലും മാറ്റം ഉണ്ടാക്കിയെങ്കിൽ അതു അബ്രഹാം ദൈവത്തിൽ വിശ്വസിച്ച്, ദൈവത്തിന്റെ കൃപയേറിയ ഉറപ്പിൻമേലുള്ള തന്റെ വിശ്വാസത്തിനു അനുസൃതമായി പ്രവർത്തിച്ചതുകൊണ്ടും ആണ്. അല്ലാതെ ദൈവം എന്തെങ്കിലും ചെയ്തുകൊടുത്തതുകൊണ്ടല്ല. എന്തുകൊണ്ടെന്നാൽ ശാപത്തെ മാറ്റുന്നതിനു വേണ്ടി മനുഷ്യരാശിക്കായി ദൈവം എന്തെങ്കിലും പ്രവർത്തിക്കേണ്ടതായ തക്ക സമയം ആയിരുന്നില്ല അത്.

വീണ്ടും മോശെയുടെ കരങ്ങളാൽ ദൈവം യിസ്രായേൽ ജനത്തെ മിസ്രയീമിൽ നിന്നും നയിച്ചപ്പോൾ തന്റെ പ്രത്യേക ജനമായിരിക്കുവാൻ, ഭൂമിയിലെ സകല കുടുംബങ്ങളെയും അനുഗ്രഹിക്കുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാകുവാൻ മനസ്സുണ്ടോ എന്നു (പുറ. 19:3-8) അവരോടു ചോദിച്ചു.

യിസ്രായേൽ മുഴുവനും ദൈവത്തിന്റെ ജനമാകുവാൻ തങ്ങളുടെ താത്പര്യം പ്രകടിപ്പിച്ചു. അപൂർണ്ണരായവരോടു തനിക്ക് ഇടപെടുവാൻ സാധ്യമല്ല എന്നു ദൈവം അവരെ അറിയിച്ചു. താൻ അവർക്കു കൊടുത്ത ന്യായപ്രമാണത്തെ പാലിച്ചുകൊണ്ട് ജീവനു യോഗ്യരെന്നു അവർ തങ്ങളെത്തന്നെ തെളിയിക്കണമായിരുന്നു. ന്യായപ്രമാണത്തെ പാലിച്ചുകൊണ്ട് പൂർണ്ണനെന്നു തെളിയിക്കുന്നവനു നിത്യമായി ജീവിക്കാമായിരുന്നു. അവനിൽ നിന്നും മരണശിക്ഷാവിധി തടയുമായിരുന്നു. എന്നാൽ ന്യായപ്രമാണം ഒരു പൂർണ്ണമനുഷ്യന്റെ കഴിവിന്റെ പൂർണ്ണമായ അളവുതോതായിരുന്നു. യിസ്രായേൽ മക്കൾക്കു ഈ വ്യവസ്ഥകളെ പാലിക്കുവാൻ കഴിഞ്ഞില്ല (ഗലാ. 2:16).

തക്കസമയത്ത് നമ്മുടെ കർത്താവായ യേശു ലോകത്തിലേക്കു വന്നു. അവിടുന്ന് തന്റെ മാനുഷിക അസ്തിത്വത്തിനു മുമ്പുതന്നെ വചനം, അതായത് ലോഗോസ് എന്ന നിലയിൽ ഒരു അസ്തിത്വം ഉണ്ടായിരുന്നു എന്നും അതിൽ നിന്നും തന്റെ ജീവതത്വം മനുഷ്യനായ ഒരു മാതാവിലേക്കു കൈമാറ്റം ചെയ്തുവെന്നും അവളുടെ മാനുഷിക പ്രകൃതിയിൽ പങ്കുകൊണ്ടുകൊണ്ടു അവളിൽ നിന്നു താൻ "പവിത്രൻ, നിർദ്ദോഷൻ, നിർമ്മലർ, പാപികളോടു വേർപെട്ടവൻ" ആയി ജനിച്ചു (യോഹ. 1:1,14; ഗലാ. 4:4; ഫിലി. 2:7; എബ്രാ. 7:26). മുപ്പതാം വയസിൽ ദൈവീക വേലയിൽ ആവശ്യമെങ്കിൽ ജീവൻ ബലി ചെയ്യുവാൻ തയ്യാറായിക്കൊണ്ട് ദൈവത്തോടു ഒരു പ്രത്യേക ഉടമ്പടിയിലേക്കു അവിടുന്ന് പ്രവേശിച്ചു. എന്നിട്ടും ദൈവം ഒന്നും ചെയ്യുന്നതായി കാണുന്നില്ല. നടപ്പിലാക്കിയാൽ വീണുപോയ ആദാമ്യവർഗ്ഗത്തിനായി ഒരു മഹാവേല നിർവ്വഹിക്കുവാൻ കഴിയുന്ന ചില വ്യവസ്ഥകൾ ദൈവം നമ്മുടെ കർത്താവിനു മുമ്പാകെ വെച്ചു.

നമ്മുടെ കർത്താവു പ്രവൃത്തിച്ച അത്ഭുതങ്ങൾ ദൈവത്തിന്റെ വിരലുകളാണ് ചെയ്തത് (ലൂക്കൊ. 11:20). "എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല" എന്നു പറയുവാൻ അവിടുന്ന് വേഗതയുള്ളവനായിരുന്നു (യോഹ. 5:19,30); അവിടുന്ന് സകല മഹത്വവും പിതാവിന്റേതെന്നു ആക്കിത്തീർത്തു. ഒരു പൂർണ്ണ മനുഷ്യൻ എന്ന നിലയിൽ ദൈവത്തോടുള്ള കൂട്ടായ്മയിൽ താൻ ദൈവത്തോടു ഒരു പ്രത്യേക ഉടമ്പടിയിൽ പ്രവേശിച്ചു. അങ്ങനെ ദൈവം യേശുവിൽ പരിശുദ്ധാത്മാവിനെ അംഗുരിപ്പിക്കുകയും ആ ആത്മാവിന്റെ ആദ്യഫലങ്ങളെ നൽകുകയും ചെയ്തു. അങ്ങനെ ഇതിന്റെ ബലത്തിൽ നമ്മുടെ കർത്താവു പരിജ്ഞാനം പ്രാപിച്ചു, പ്രകാശിതനായി, അങ്ങനെ പുതിയ സൃഷ്ടിയായിത്തീർന്നു. യേശുവിന് ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഉണ്ടായിരുന്നു. അന്ധരെയും രോഗികളെയും അവിടുന്ന് സുഖപ്പെടുത്തിയതിനെക്കുറിച്ചു നാം ഇങ്ങനെ വായിക്കുന്നു: "ശക്തി [ബലം] തന്നിൽ നിന്നു പുറപ്പെട്ടു എല്ലാവരെയും സൗഖ്യമാക്കി" (ലൂക്കൊ. 6:19). മാനുഷിക ക്ലേശങ്ങളെ ഗുണകരമാക്കിക്കൊണ്ട് ശുശ്രൂഷയിലൂടെ അവിടുന്ന് തന്റെ ജീവനെ വ്യയം ചെയ്തു. അപ്പോഴും പിതാവു വീഴ്ച ഭവിച്ച മനുഷ്യർക്കു വേണ്ടി പ്രവർത്തിച്ചില്ല.

അതുപോലെ തന്നെ സുവിശേഷയുഗത്തിൽ ഉടനീളവും ദൈവം നേരിട്ട് ലോകത്തിൽ പ്രവർത്തിക്കുന്നതായി കാണുന്നില്ല. ക്രിസ്തുയേശുവിലൂടെ തന്റെ കൃപയുടെ സന്ദേശത്തെ മുൻപോട്ടു പോകുവാൻ ദൈവം അനുവദിച്ചു. ഒരു പ്രത്യേക ഗണത്തിനു യേശുവിന്റെ കാൽച്ചുവടുകളെ പിൻചെല്ലുവാൻ തക്കതായി സ്വാധീനിക്കുവാനുള്ള ശക്തി ഈ സന്ദേശത്തിനുണ്ടായിരുന്നു. അവിടുന്ന് അവർക്ക് ഇങ്ങനെ ഉറപ്പുകൊടുത്തു, "നിങ്ങളുടെ ഹൃദയം കലങ്ങിപോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ; എന്നിലും വിശ്വസിപ്പിൻ", അവിടുന്ന് കൂട്ടിച്ചേർത്തു, "ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:1,6).


അങ്ങനെ പിതാവിങ്കലേക്ക് ഒരുവൻ വരുന്നത് പുത്രനിലൂടെയാണ്, അല്ലാതെ അവർക്കു വേണ്ടിയുള്ള പിതാവിന്റെ സജീവമായ ശക്തിമൂലമല്ല. ദൈവത്തെ ആരാധിക്കുവാൻ ആഗ്രഹിക്കുന്നതിലേക്ക് മനുഷ്യനെ നയിക്കുന്ന പ്രത്യേകമായ ചില സ്വാഭാവിക ഗുണങ്ങൾ മനുഷ്യമനസ്സിനുണ്ട്, അങ്ങനെ ആ മനോഭാവമുള്ളവരെ ദൈവം തന്നിലേക്ക് ആകർഷിക്കുന്നു. അവന്റെ പക്കൽ നിന്നുമുള്ള യാതൊരു വേലകൊണ്ടുമല്ല അതു നടക്കുന്നത്. ദൈവത്തെ തപ്പിനോക്കി കണ്ടെത്തുമോ എന്നു വച്ചു ദൈവത്തെ അന്വേഷിക്കുന്നവരേറെയുണ്ട് (അപ്പൊ. 17:27). എന്നാൽ അവർ ദൈവത്തിങ്കലേക്ക് എത്തുന്നത് പുത്രനിലൂടെ തന്നെ ആയിരിക്കും.

സുവിശേഷയുഗ വിളിയുടെ സമയത്ത് ആരെങ്കിലും പുത്രനെ സമീപിച്ചപ്പോൾ ദൈവത്തിങ്കലേക്ക് അവർ വരുന്നതിനു മുൻപ് പുത്രനെ അവരുടെ

മദ്ധ്യസ്ഥനായി സ്വീകരിക്കണമെന്നു അവരെ താൻ അറിയിച്ചിരുന്നു. അവർ തന്റെ അനുയായികളായി തന്റെ കാൽച്ചുവടുകളിൽ നടക്കാമെന്ന് ഉടമ്പടി ചെയ്യാതെ പുത്രന് അവരുടെ മദ്ധ്യസ്ഥനാകുവാൻ കഴിയുകയില്ല. ഈ നിബന്ധനകൾ അവർ അംഗീകരിച്ചാൽ പിതാവ് അവർക്കു വേണ്ടി ചില കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങും. പ്രത്യേകമായി അവിടുന്ന് അവരെ തന്റെ പരിശുദ്ധാത്മാവിലൂടെ പുതിയ പ്രകൃതിയായി അംഗുരിപ്പിക്കും. എന്നാൽ ഈ കൂട്ടം തന്റെ ശരീരങ്ങളെ ജീവനുള്ള യാഗമായി വീണ്ടെടുപ്പുകാരനിലൂടെ ദൈവത്തിനു സമർപ്പിക്കാതെ ഈ വേല ആരംഭിക്കുകയില്ല (റോമ. 12:1). അവർ ഇങ്ങനെ ചെയ്ത് മനുഷ്യരെന്ന നിലയിൽ മരിച്ചതായി സ്വയം ഗണിച്ച് പുതിയ പ്രകൃതിയായി ജനിക്കുന്നതുവരെ ദൈവം അവരുമായി ഇടപെടുകയോ അവർക്കുവേണ്ടി പ്രവൃത്തിക്കുകയോ ചെയ്യുകയില്ല. ഈ സുവിശേഷയുഗത്തിൽ ദൈവം വീഴ്ഭവിച്ച ആദാമ്യവർഗ്ഗത്തോടല്ല, പുതിയ സൃഷ്ടിയോടു കൂടെച്ചേർന്നു ഒരു വേല ചെയ്യുന്നു എന്നത് സ്പഷ്ടമാണ്.

മനുഷ്യപ്രകൃതി മരണത്തിലേക്ക് ഉടമ്പടി ചെയ്ത് ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗമായിത്തീർന്ന മനുഷ്യരാശിയിലെ അംഗങ്ങൾ അങ്ങനെ ദൈവീക ക്രമീകരണത്തിന്റെ പ്രയോജനം പ്രാപ്തമാക്കി. അല്ലാത്ത പക്ഷം ദൈവം അവരോടു ഇടപെടുകയില്ല. ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ച്, സഭയുടെ മദ്ധ്യസ്ഥനായ കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവത്തിനു അംഗീകാരയോഗ്യരായവരോടല്ലാതെ ആരോടും ദൈവം ഇടപെടുകയില്ല. എപ്പോഴാണോ ഇത് ചെയ്യുന്നത് അപ്പോൾ അവരിൽ ദൈവം തന്റെ താത്പര്യങ്ങളെ ഇച്ഛിപ്പിക്കയും പ്രവർത്തിപ്പിക്കയും ചെയ്യും (ഫിലി. 2:13). സഭയെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: "നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തിക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു" (എഫെ. 2:10).

സഹസ്രാബ്ദയുഗം ഉടനീളം ദൈവം മനുഷ്യരാശിക്കുവേണ്ടി ഒന്നും നേരിട്ടു പ്രവർത്തിക്കുകയില്ല. എന്നാൽ ക്രിസ്തു-ശിരസ്സാകുന്ന യേശുവും ശരീരമാകുന്ന സഭയും (എഫെ. 1:22,23) – സജീവമായിരിക്കും. അവർ മനുഷ്യരാശിക്കു മേലുള്ള ശാപത്തെ മാറ്റുകയും, വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങളെ നൽകുകയും ചെയ്യും. സഹസ്രാബ്ദയുഗത്തിന്റെ അന്ത്യത്തോടെ ഏദനിൽവെച്ചു വിധിച്ച ശാപം മാറ്റപ്പെട്ടിരിക്കുകയും, അനുഗ്രഹങ്ങൾ നൽകപ്പെട്ടിരിക്കുകയും ചെയ്യും. ക്രിസ്തുവിന്റെ മാദ്ധ്യസ്ഥവാഴ്ച അവസാനിക്കുമ്പോൾ, രാജ്യം താൻ പിതാവിന്റെ പക്കൽ ഏൽപ്പിക്കും. പിന്നെ സകലത്തിനും സകലവും ദൈവമായിരിക്കും (1 കൊരി. 15:24). ആ യുഗത്തിന്റെ അവസാനം പിതാവ് മനുഷ്യരാശിയുമായി ഒന്നുകൂടി ഒരുമിച്ചു പ്രവൃത്തിക്കും. ഇതിനു മുൻപ് 7000 വർഷങ്ങളായി അവിടുന്ന് തന്റെ മനുഷ്യസൃഷ്ടികൾക്കു വേണ്ടി ഒന്നും ചെയ്തിരുന്നില്ല. ആ കാലഘട്ടത്തിലെ 6145 വർഷങ്ങൾ ഇപ്പോൾ തന്നെ പിന്നിട്ടു പോയിരിക്കുന്നു.




### എങ്ങനെയാണ് ദൈവം തന്റെ പ്രവൃത്തികളിൽ നിന്നു നിവൃത്തനാകുന്നത്.

ദൈവം ഇപ്പോൾ ലോകത്തെ വിധിക്കുന്നില്ല (യോഹ. 5:22; 9:39). ആറായിരത്തിലധികം വർഷങ്ങൾക്കു മുൻപ് പിതാവായ ആദാമിനാൽ ദൈവം ലോകത്തെ വിധിച്ചതാണ്. ആ വിധിയുടെ ഫലം ആദാമിനും ആദാമിന്റെ സന്തതിക്കുമുള്ള മരണശിക്ഷയായിരുന്നു. തക്കസമയത്ത് ആദാമിന്റെയും അവന്റെ കുലത്തിന്റെയും വീണ്ടെടുപ്പിന്റെ തയ്യാറെടുപ്പിനായി അവരുടെ വീണ്ടെടുപ്പുകാരനായി ലോഗോസായ, വചനമായ സ്വന്ത പുത്രനെ ദൈവം അയച്ചു. ദൈവീക നിർണ്ണയത്തിൽ യേശുവിന്റെ മരണം ആദാമ്യപാപത്തിന്റെ നഷ്ടപരിഹാരമായാണ് രൂപീകരിച്ചിട്ടുള്ളത്; മനുഷ്യനാൽ (ആദാം) മരണം ഉണ്ടാകയാൽ, ഏക മനുഷ്യനാൽ (യേശു) മരണത്തിൽ നിന്നുമുള്ള പുനരുത്ഥാനവും വരും (1 കൊരി. 15:21,22; റോമ. 5:12,17-21; 1 യോഹ. 3:8).

പുത്രനിലൂടെയുള്ള തന്റെ വേലയുടെ ഭാഗത്തിന്റെ പൂർത്തീകരണം ദൈവം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അതിന്റെ പ്രവർത്തനം 1900 വർഷങ്ങൾക്കു മുൻപെ ആരംഭിച്ചു എങ്കിലും പൊതുവിൽ മനുഷ്യരാശിയുമായി അത് ബന്ധപ്പെടുത്തുന്ന ഭാഗത്തോളം ഇന്നുവരെയും പുരോഗമിച്ചിട്ടില്ല. ഈ കാലത്ത്

ദൈവം മഹാപുരുഷാരമടങ്ങുന്ന ആദ്യജാതന്മാരുടെ സഭയോടു മാത്രമാണ് ഇടപെടുന്നത് (എബ്രാ. 12:23; വെളി. 7:9-17) യഹൂദയുഗത്തിൽ ദൈവത്തിന്റെ ഇടപെടൽ യഹൂദന്മാരോടു മാത്രമായിരുന്നു (ആമൊ. 3:2).

ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയിൽ അവിടുത്തെ ഇടപെടൽ ക്രിസ്തുവിലൂടെയും, ശേഷമുള്ള അബ്രഹാമ്യ സന്തതികളിലൂടെയും ഭൂമിയിലെ സകല മനുഷ്യരാശിയോടും ആയിരിക്കും. കഴിഞ്ഞ 1900 വർഷങ്ങളായുള്ള സഭയോടുള്ള ദൈവത്തിന്റെ ഇടപെടൽ സകല ജാതിയിൽ നിന്നും, വംശങ്ങളിൽ നിന്നും, ദേശത്തുനിന്നും, ഭാഷയിൽ നിന്നും അബ്രഹാമിന്റെ ആത്മീയ സന്തതിയെ വീണ്ടെടുക്കുന്നതിനും വളർത്തുന്നതിനും വേണ്ടി ആയിരുന്നു.

ക്രിസ്തുവിനോടുകൂടെ ആദ്യജാതന്മാരുടെ സഭ പുനരുത്ഥാനത്തിങ്കൽ ദൈവം "ആകാശത്തിലെ നക്ഷത്രങ്ങൾ" എന്നു വിശേഷിപ്പിക്കുന്ന അബ്രഹാമിന്റെ ആത്മീയ സന്തതിയായിത്തീരുന്നു (ഉല്പ. 15:5; 22:17,18; 1 കൊരി. 15:40-44). രാജ്യത്തിന്റെ സ്ഥാപനയോടെ അബ്രഹാമിന്റെ ഈ ആത്മീയ സന്തതി "ഭൂമിയിലെ സകല ജാതികളെയും അനുഗ്രഹിക്കുന്ന" വേല ഉടനടി ആരംഭിക്കും. യഹൂദ യുഗത്തിന്റെ ആരംഭത്തിൽ അനുഗ്രഹം "ആദ്യം യഹൂദന്മാർക്ക്" ആയിരുന്നതുപോലെ (റോമ. 1:16) സഹസ്രാബ്ദയുഗത്തിന്റെ ആരംഭത്തിലും അത് "ആദ്യം യഹൂദന്മാരിലൂടെ" തന്നെ ആരംഭിക്കും. മശിഹായിൻ രാജ്യത്തിനു കീഴിൽ ദൈവത്തിന്റെ കൃപയിൽ യിസ്രായേലിനു മഹാ അനുഗ്രഹം ഉണ്ടാകുമെന്നും, ദൈവം വീണ്ടും അവരോടു കാരുണ്യപൂർവ്വം ഇടപെടുന്നു എന്നു തിരിച്ചറിയുവാൻ യിസ്രായേലിന്റെ കണ്ണുകൾ തുറക്കുമെന്നും ബൈബിൾ ഉറപ്പു നൽകുന്നു. ജഡീയ യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളോടും പുതിയ ഉടമ്പടി ചെയ്യേണ്ടതുണ്ട് (എബ്രാ. 8:7-13). പത്തൊൻപത് നൂറ്റാണ്ടുകൾക്കും അധികമായി അവർക്കു ഭവിച്ച ചിതറിപ്പോകലിന്റെ അവസ്ഥകളിൽ അവരെ ചില പാഠങ്ങൾ പഠിപ്പിച്ചിട്ടുണ്ടാകും. അങ്ങനെ അവർ ലോകത്തിലെ ഏറ്റവും പ്രമുഖ ജനമാകും. മറ്റു രാഷ്ട്രങ്ങൾ അവരിലേക്കു ഒഴുകിച്ചെല്ലും (യെശ. 12:2,3; മീഖ. 4:1,2). അന്നു മുതൽ ദൈവത്തിന്റെ ഇടപെടലുകൾ മുഴുലോകത്തോടുമായിരിക്കും, സഭയോടാകില്ല. എന്തെന്നാൽ സഭ അന്നു മഹത്വീകരിക്കപ്പെടും.

ഈ വിഷയത്തെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് സ്പഷ്ടമായി ഇങ്ങനെ പറയുന്നു, "താൻ നിയമിച്ച പുരുഷൻ [ക്രിസ്തു] മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു" (അപ്പൊ. 17:31). ദൈവം നേരിട്ടു ലോകത്തെ വിധിക്കയില്ല. ഈ വേലയിൽ ക്രിസ്തുവിന്റെ കൂടെ പങ്കാളികൾ ആകേണ്ടതിനു സഭയെ തയ്യാറാക്കുകയാണ് ചെയ്യുന്നത്. അപ്പൊസ്തലൻ വീണ്ടും പറയുന്നു, "വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ?" (1 കൊരി. 6:2). ലോകത്തിന്റെ ന്യായവിധി ഇന്നുവരെ ആരംഭിച്ചിട്ടില്ല. സകലരും "ദുഷ്ടന്റെ അധീനതയിൽ" കിടക്കുന്നു (1 യോഹ. 5:19, Diaglott). ക്രിസ്തു സകല മനുഷ്യർക്കും വേണ്ടി മരിച്ചുവെങ്കിലും അവിടുന്ന് അവരുടെ അവകാശം എടുത്തിട്ടില്ല (സങ്കീ. 2:8). അവരിതുവരെ അവങ്കലേക്കു തിരിഞ്ഞിട്ടില്ല. അവരിപ്പോഴും ശിക്ഷാവിധിയുടെ അവസ്ഥയിലാണ്. ക്രിസ്തുവിന്റെ പുണ്യം ഇന്നയോളം സഭാഗണത്തിനു മാത്രമെ കണക്കിടപ്പെട്ടിട്ടുള്ളു.

ഈ യുഗത്തിന്റെ അന്ത്യത്തോടെ തിരഞ്ഞെടുപ്പു പൂർത്തിയാകുമ്പോൾ യേശുവിന്റെ പുണ്യം ലോകത്തിനു മേൽ ചാർത്തപ്പെടും. പിന്നെ യിരെമ്യാ പ്രവാചകനിലൂടെ ദൈവം വാഗ്ദത്തം ചെയ്ത പുതിയ ഉടമ്പടിയുടെ ആരംഭം കുറിക്കുന്നു: "ഞാൻ യിസ്രായേൽ ഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരും" - "മുഴു യിസ്രായേൽ ഗൃഹത്തോടും" (യിരെ. 31:31-34). അബ്രഹാമിനാലും ആത്മീയവും ഭൗമീകവുമായ അവന്റെ സന്തതിയാലും മുഴുലോകവും അനുഗ്രഹിക്കപ്പെടുന്നതുവരെ ഈ ഉടമ്പടിയുടെ അനുഗ്രഹങ്ങൾ ഭൂമിയിലെ സകല ജാതിമേലും പരക്കും (ഗലാ. 3:8,16,29; യെശ. 60:1-22; 61:4-9; 62:1-12).

മനുഷ്യനെ സൃഷ്ടിച്ച് അവൻ വീണുപോയതു മുതൽ 6000 വർഷങ്ങളോളം അതിക്രമത്തിന്റെയും മറ്റു കാര്യങ്ങളുടെയും കാര്യത്തിൽ തങ്ങൾക്ക് ഇഷ്ടമാകുന്ന പ്രകാരം പ്രവർത്തിക്കുവാൻ ലോകരാജ്യങ്ങളെ അനുവദിച്ചിരുന്നു. അവരോ അതിൽ ബഹുദൂരം സഞ്ചരിച്ചിരിക്കുന്നു. പാപത്തിലും അതിക്രമത്തിലും അവർ അതിരു കടന്നു പോയപ്പോൾ കനാന്യരുടെ

കാര്യത്തിൽ എന്നതുപോലെ അവരെയും നിയന്ത്രിച്ചു. യിസ്രായേൽ മക്കളെ കനാൻദേശത്തിലേക്കു കൊണ്ടുവരുന്നതിനു മുൻപ് അമോര്യരുടെ അതിക്രമം ഇതുവരെ തികഞ്ഞിട്ടില്ലാത്തതിനാൽ താമസം ഉണ്ടാകും എന്ന് ദൈവം അബ്രഹാമിനോടു പറഞ്ഞു (ഉല്പ. 15:12-16, 1 രാജാ. 21:25,26 താരതമ്യം ചെയ്യുക). ഇത് ഒരു പരിധി ഉണ്ടെന്നു സൂചിപ്പിക്കുന്നു. അവരോ ആ പരിധിയിലേക്കു വളരെ വേഗത്തിൽ സഞ്ചരിച്ചു. എന്നാൽ ദൈവം അവരെ വിട്ടുകളഞ്ഞില്ല. അവരുടെ അതിക്രമം പൂർണ്ണതയുടെ ഒരു നിശ്ചിത അളവിൽ എത്തുന്നതുവരെ അവരെ തന്റെ മേൽനോട്ടത്തിനു കീഴിൽ വെച്ചു.

ലോകത്തെക്കുറിച്ച് പൊതുവായി പറഞ്ഞാൽ, ഇപ്പോൾ രാജ്യങ്ങൾ വളരെ ഉയർന്നിരിക്കുന്നു. അതു അവരുടെ കണ്ണുകളിൽ വളരെ ബുദ്ധിയുള്ള വഴിയായി തോന്നുന്നു. അവർക്ക് ഇഷ്ടമുള്ളതുപോലെ നടന്നുകൊൾവാൻ ദൈവം അവരെ അനുവദിച്ചിരിക്കുന്നു. എന്നാൽ അതിനും ഒരു പരിധിവെച്ചിരിക്കുന്നു – "ഇത്രത്തോളം നിനക്കു വരാം; ഇതു കടക്കരുത്" (ഇയ്യോ. 38:11; സങ്കീ. 76:10). അങ്ങനെ അവർ ചില സമയത്ത് നീതിയോടെ ചിലപ്പോൾ അനീതിയോടെ ഒരു കാരണത്താലോ മറ്റു കാരണത്താലോ മനുഷ്യനെ മരണത്തിനേൽപ്പിച്ചു. അവരുടെ മരണത്തിന്റെ കാര്യത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ എല്ലാ ജനവും ജനനം മുതൽ മരണശിക്ഷാവിധിക്കു കീഴിലാണ്. ആദാമിലൂടെ അവർക്കുള്ള ശിക്ഷാവിധി അവരിലേക്കു കടന്നു വന്നു. ദൈവിക ശിക്ഷാവിധി സംബന്ധിച്ച് ഏതു രീതിയിൽ ഒരുവൻ മരണപ്പെടുന്നു എന്നതിന് പ്രാധാന്യം ഇല്ല. ആയതിനാൽ, ദൈവം ഇതിൽ ഇടപെടുന്നില്ല. അവൻ എല്ലാ കാര്യവും തൽക്കാലം അനുവദിക്കുന്നു.

ദൈവം തന്റെ വേലയിൽ നിന്നും വിശ്രമിക്കുകയാണെന്നു അപ്പൊസ്തലനായ പൗലൊസ് പറയുന്നു (എബ്രാ. 4:4). അവിടുന്ന് വിശ്രമിക്കുകയാണ് എന്നതിനർത്ഥം, ഭൂമിയുടെ വിഷയങ്ങളിൽ അവിടുന്ന് പ്രധാന പങ്കൊന്നും വഹിക്കുന്നില്ല എന്നാണ്. മനുഷ്യനെ പൂർണ്ണനാക്കി സൃഷ്ടിച്ചതിനു ശേഷം താൻ വിശ്രമിച്ചു. അങ്ങനെ ചില വലിയ പാഠങ്ങൾ പഠിക്കുന്നതിനും പാപത്തിന്റെയും മരണത്തിന്റെയും വാഴ്ചയുടെ കീഴിൽ മറക്കാനാകാത്ത അനുഭവങ്ങൾ നേടുന്നതിനായി തനിക്കിഷ്ടമുള്ള രീതിയിൽ പ്രവർത്തിക്കുവാൻ ദൈവം മനുഷ്യനെ അനുവദിച്ചിരിക്കുന്നു (ദൈവം തിന്മ എന്തിന് അനുവദിച്ചു എന്നു കൂടുതൽ അറിയുവാൻ യുഗങ്ങളുടെ ദൈവീക നിർണ്ണയം പേജ് 117-137 വരെ കാണുക). എന്നാൽ ഈ അവസ്ഥ എന്നെന്നേക്കും തുടരണമെന്നു ദൈവത്തിന് ഉദ്ദേശമില്ല. അവിടുന്ന് വിശ്രമിക്കുകയാണ്. എന്തുകൊണ്ടെന്നാൽ അവിടുന്ന് ഈ സകല വിഷയങ്ങളും പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ, പൊരുളിലെ മോശെയായ തന്റെ പുത്രനെ ഏൽപ്പിച്ചിരിക്കുന്നു. മശിഹായിൻ രാജ്യം സ്ഥാപിക്കപ്പെടേണ്ടതും, ലോകം നീതിയിൻ ന്യായം വിധിക്കപ്പെടേണ്ടതും, പ്രകാശിതരാകുമ്പോൾ ശരിയായ പാത അന്വേഷിക്കുന്നവർക്കും, യോഗ്യരെന്നു തെളിയുന്നവർക്കും നിത്യജീവൻ അനുഗ്രഹമായി നൽകേണ്ടതും, തെറ്റായ പാത തിരഞ്ഞെടുക്കുന്നവർക്ക്, നിർദ്ദേശവും ന്യായവിധിയും നൽകിക്കൊണ്ട് ശിക്ഷിക്കേണ്ടതും ആണ്. ഇതിൽ തിരുത്താനാകാത്തവരെ രണ്ടാം മരണത്തിൽ നശിപ്പിക്കും.

മാദ്ധ്യസ്ഥവാഴ്ചയുടെ അന്ത്യത്തിൽ, മോശെയുടെ പൊരുളായ വലിയ മദ്ധ്യസ്ഥനായ യേശു സകല പാപത്തെയും അനുസരണക്കേടിനെയും അരാജകത്വത്തെയും അടിച്ചമർത്തിയതിനു ശേഷം രാജ്യം പിതാവായ ദൈവത്തെ ഏൽപ്പിക്കും (1 കൊരി. 15:24-28). ദൈവത്തിനു നൽകപ്പെടുന്ന മുഴുലോകവും പൂർണ്ണതയുള്ളതും അന്ത്യപരിശോധനക്ക് ഒരുങ്ങിയതും ആയിരിക്കും (വെളി. 20:7-9; 21:6-8). അങ്ങനെ ദൈവം 7000 വർഷങ്ങളോളം വിശ്രമിക്കുന്നു. അതിൽ പാപത്തിന്റെയും മരണത്തിന്റെയും കീഴിലായിരുന്നു 6000 വർഷങ്ങൾ - ശേഷിക്കുന്നത് മനുഷ്യരാശിയുടെ പൂർണ്ണതയിലേക്കുള്ള ഉയർത്തലിനു രൂപീകരിച്ചിട്ടുള്ള ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയാണ്. പിതാവ് കർത്താവായ യേശുവിലൂടെ സകലത്തിന്റെയും യഥാസ്ഥാപനത്തിനായി പ്രവൃത്തിക്കും.




## "അനേകരും അങ്ങോട്ടും ഇങ്ങോട്ടും ഓടും" ദാനിയേൽ 12:4

കഴിഞ്ഞ അൻപത്തി ഒൻപത് നൂറ്റാണ്ടുകളായി സംഭവിക്കാത്ത ജ്ഞാനത്തിന്റെ മഹത്തായ വികാസം അച്ചടിയോടെ ഉത്തേജിപ്പിക്കപ്പെട്ടതായി ഈ കഴിഞ്ഞ നൂറ്റാണ്ടിൽ കാണാൻ സാധിക്കുമെന്നു എല്ലാവർക്കും അറിയാം. നമ്മുടെ ഈ കാലത്തിലെ ടെലഗ്രാഫ്, ടെലഫോൺ, വയർലെസ്, ഇലക്ട്രിക് ലൈറ്റ്സ്, ഗ്യാസ് ലൈറ്റ്സ്, ആവിയന്ത്രം, ഇലക്ട്രിക് യന്ത്രം, യന്ത്രസാമഗ്രികൾ, സൗകര്യങ്ങൾ ഇവയെല്ലാം കഴിഞ്ഞ നൂറ്റാണ്ടിനു അജ്ഞമായിരുന്നു എന്നും എല്ലാവർക്കും അറിയാം.

എന്നാൽ ഇവയെല്ലാം സത്യമാണെങ്കിലും ഉയർന്നു വരുന്ന തലമുറയ്ക്ക് ഇത് ദുർഗ്രഹമായ കാര്യമായി തോന്നുന്നു. ഇവയെല്ലാം ക്രമേണ വന്നതാണ്. ഇത് ശാപം പൂർണ്ണമായി മാറ്റപ്പെടുന്ന, ദൈവം മനുഷ്യരാശിക്കു വേണ്ടി മുന്നമേ വാഗ്ദത്തം ചെയ്ത അനുഗ്രഹം സമൃദ്ധിയായി അവരിൽ ചൊരിയേണ്ട മശിഹായിൻ രാജ്യത്തിന്റെ ആയിരമാണ്ടു ദിവസത്തിന്റെ മുന്നോടിയായ കിരണമാണെന്നു കുറച്ചുപേർ മാത്രമേ തിരിച്ചറിയുന്നുള്ളു.

ദൈവം തന്റെ പാദപീഠത്തെ മഹത്തരമാക്കുന്ന, മുഴുഭൂമിയെയും ദൈവത്തിന്റെ പറുദീസയാക്കുന്ന ഭൂമിക്കു വരുവാനിരിക്കുന്ന മഹത്വത്തെക്കുറിച്ചു ബൈബിൾ പ്രസ്താവിക്കുന്നു. നമ്മുടെ മഹാന്മാരായ ശാസ്ത്രജ്ഞർ ബൈബിളിനു ചെവി കൊടുക്കാത്തവർ പോലും, ഇപ്പോഴുള്ള നേട്ടങ്ങൾ വരുവാനിരിക്കുന്നതിനെ സംബന്ധിച്ച് നോക്കിയാൽ ഒന്നുമല്ല എന്നു സാക്ഷ്യപ്പെടുത്തുന്നു.

ദാനിയേലിന്റെ പ്രവചനത്തിൽ ദൈവം നമ്മുടെ കാലത്തെക്കുറിച്ചു പറയുന്നു. അന്ത്യകാലത്ത് (ഈ കാലത്ത്) അനേകർ അങ്ങോട്ടും ഇങ്ങോട്ടും ഓടും; ജ്ഞാനം വർദ്ധിക്കും, ബുദ്ധിമാന്മാർ ഗ്രഹിക്കും... ഒരു ജാതി ഉണ്ടായതു മുതൽ ഇന്നുവരെ സംഭവിക്കാത്ത കഷ്ടകാലം ഉണ്ടാകും (ദാനി. 12:1-10; മത്താ. 24:21).

ഈ പ്രവചനം പറയുന്ന അങ്ങോട്ടും ഇങ്ങോട്ടും ഓടുന്ന കാലത്തിലല്ലേ നാം ഇപ്പോൾ? ആയതിനാൽ നാം ഇന്ന് അന്ത്യകാലമെന്നു പേർ വിളിച്ചിട്ടുള്ള – ഈ യുഗം ക്രമേണ അവസാനിച്ചും, മഹത്തായ അനുഗ്രഹങ്ങൾ കൊണ്ട് നിറഞ്ഞ പുതിയ യുഗത്തിന്റെ പുലരിയിലേക്കു നയിക്കുന്ന – കാലത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. ആദ്യത്തെ ചലിക്കുന്ന വണ്ടി പണിയുന്നത് തൊണ്ണൂറു വർഷങ്ങൾക്കു മുൻപാണ്. ഇന്ന് എല്ലാ ഇടത്തും അനേകരും അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. അവരുടെ പിതാക്കന്മാരോ ചിലപ്പോൾ അവരുടെ ജന്മദേശത്തു നിന്നും അൻപതു മൈലിൽ അധികം സഞ്ചരിച്ചിരിക്കുവാൻ സാധ്യത കുറവാണ്. ഈ പ്രവചനം പോലെ മറ്റൊരു പ്രവചനവും ഇത്ര സ്പഷ്ടമായി നിറവേറ്റപ്പെട്ടിട്ടില്ല.

ദൈവമല്ലാതെ മറ്റാരാണ് നമ്മുടെ ഈ കാലത്തെ ഈ പ്രത്യേകതയെ മുൻപറഞ്ഞ് രേഖപ്പെടുത്തിയിരിക്കുക? ഈ പ്രവചനത്തിന്റെ ഒരു ഭാഗത്തെ യേശുവും ഉദ്ധരിച്ചിട്ടുണ്ട്.

## പാഠം 90

1*. 19-ാം നൂറ്റാണ്ടിൽ എന്താണ് ജ്ഞാനത്തെ ഉത്തേജിപ്പിച്ചത്? ഖ. 1

2*. കഴിഞ്ഞ കാലത്തിലേതുമായി ഈ കാലത്തിലെ ജ്ഞാനവർദ്ധനവിനെ എങ്ങനെ താരതമ്യപ്പെടുത്തിയിരിക്കുന്നു?

3*. കഴിഞ്ഞ നൂറ്റാണ്ടിനോ അതിനു മുൻപോ അജ്ഞാതമായിരുന്ന ഈ കാലത്തിലെ കണ്ടുപിടിത്തങ്ങൾ ഏവ? നമ്മുടെ കാലത്തിലെ ചില കണ്ടുപിടിത്തങ്ങളുടെ പേരുകൾ നൽകുക.

4. ഇവ ക്രമേണയാണ് വന്നത്. ആയതിനാൽ ചിലർ എന്താണ് തിരിച്ചറിയുന്നത്? ഖ. 2

5. മശിഹായിൻ രാജ്യത്തിലെ ആയിരം വർഷങ്ങൾ അടങ്ങുന്ന ദിവസത്തിൽ എന്ത് ശിക്ഷാവിധിയാണ് പൂർണ്ണമായി നീക്കപ്പെടുന്നത്?

6*. ഇതിനു പുറമെ എങ്ങനെയാണ് മനുഷ്യരാശിക്ക് അതു ഗ്രഹിക്കപ്പെടുന്നത്?

7*. ഭൂമിക്കു വേണ്ടിയുള്ള ഭാവി പ്രത്യാശ എന്താണ്? അതിനെക്കുറിച്ച് എന്താണ് ബൈബിൾ പറയുന്നത്? യെശ. 35:1-10. ഖ. 3

8*. സാക്ഷാത്ക്കരിക്കുവാനുള്ള അനുഗ്രഹങ്ങളുടെ വ്യാപ്തി നമുക്കറിയാമോ? 1 കൊരി. 2:9

9*. അന്ത്യകാലത്തെക്കുറിച്ച് ദാനിയേൽ തന്റെ പ്രവചനത്തിൽ എന്താണ് പറയുന്നത്? ദാനി. 12:1-10. ഖ. 4

10*. എന്താണ് കഷ്ടകാലം? മത്താ. 24:21

11*. നാം അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നുണ്ടോ? ഈ പ്രവചനം നിവൃത്തിയായോ? ദാനി. 12:4. ഖ. 5

12. ആയതിനാൽ നമ്മൾ ഏതു കാലത്തിലാണ് ജീവിക്കുന്നത്?

13*. ലോകത്തിൽ സഞ്ചരിക്കുവാൻ അത്രകണ്ട് എളുപ്പമാണോ? നമുക്കു സഞ്ചരിക്കുവാൻ ആഗ്രഹമുള്ള ഇടങ്ങളിലേക്കു നമ്മെ എത്തിക്കുന്ന വിവിധ മാധ്യമങ്ങൾ ഏവയാണ്?

14*. ഇതിനെക്കുറിച്ച് അറിയുന്നവനും, നമ്മുടെ നാളിൽ വരുവാനിരിക്കുന്ന മഹാ അനുഗ്രഹങ്ങളെ മുൻകൂട്ടി പറയുവാനാകുന്നവനും ആരാണ്? ഖ. 6

**നക്ഷത്ര ചിഹ്നത്താൽ അടയാളപ്പെടുത്തിയിരിക്കുന്ന ചോദ്യങ്ങൾ പ്രത്യേകമായി കുട്ടികൾക്കുള്ളവയാണ്.*

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

## ചരമ അറിയിപ്പ്



തോട്ടയ്ക്കാട്:- LHMM തോട്ടയ്ക്കാട് സഭംഗവും മീനടം മഴുപ്പൂക്കുന്നേൽ പരേതനായ ചെറിയാൻ തോമസിന്റെ ഭാര്യയുമായ ശോശാമ്മ 90, 19-11-2021 വെള്ളിയാഴ്ച നിര്യാതയായി. 20-11-2021 ശനിയാഴ്ച LHMM തോട്ടയ്ക്കാട്ടു സെമിത്തേരിയിൽ സംസ്കാരം നടത്തി. ലഭിച്ച സത്യത്തിൽ ഉറച്ചുനിന്നു വിശ്വസ്തതയോടെ മരിച്ച ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരിയുടെ മരണത്തിലുള്ള ഞങ്ങളുടെ അനുശോചനവും ദുഃഖവും അറിയിക്കുന്നു.

"നീതിമാന്റെ ഓർമ്മ എന്നേക്കും നിലനില്ക്കും" (സങ്കീ. 112:6) എന്നും "തന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു" (സങ്കീ. 116:15) എന്നുമുള്ള വേദവചനങ്ങളുടെ അടിസ്ഥാനത്തിൽ "പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കരുത്" എന്ന വചനത്തിൽ നമുക്ക് ആശ്വസിക്കാം. എന്തെന്നാൽ സമീപഭാവിയിൽ ഭൂമിയിൽ സ്ഥാപിക്കപ്പെടുവാനുള്ള ദൈവരാജ്യത്തിൽ അനുഗ്രഹകരമായ ഒരു അവകാശം പ്രാപിക്കുന്നതിന് സഹോദരി കല്ലറയിൽ നിന്ന് കർത്താവിന്റെ ശബ്ദം കേട്ട് ഉയിർത്തെഴുന്നേറ്റ് വരും എന്നുള്ളതുകൊണ്ട് നമുക്ക് സന്തോഷിക്കാം.

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**